# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

(Volume XII)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ

J. S. C. Publications
Patriarchal Centre
Puthencruz

2019

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**
(Volume XII)

By
Corepiscopo (Dr.) K. Mani Rajan

First Edition : 2019

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

Layout: Megapixel Graphics, Kottayam

Printed at: Mor Julios Press, Puthencruz

Published By:
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

Phone: + 91 484 2255581
Email: mdbookstall@yahoo.com
Copies: 1000

Price Rs. 65/-

# ഉള്ളടക്കം


അവതാരിക ............................................................................ v
ആമുഖം.................................................................................vii
1. കൈസര്യയിലെ രക്തസാക്ഷിയായ വിശുദ്ധ കൂറിലോസ് 1
2. കൈസര്യയിലെ വിശുദ്ധ ജൂലിറ്റ.............................................. 2
3. കന്യകയും രക്തസാക്ഷിയുമായ
വിശുദ്ധ തിയൊഡൊസ്യ............................................................ 3
4. രക്തസാക്ഷിയായ വിശുദ്ധ അബ്ശാലോം........................... 4
5. ഗാസയിലെ വിശുദ്ധ തിമൊഥിയോസ് ................................... 5
6. രക്തസാക്ഷിയായ വിശുദ്ധ എപ്പിപ്പാനിയോസ്..................... 6
7. ഹാരാനിലെ മെത്രാപ്പോലീത്തയായ മോർ ദാവീദ് ............ 8
8. ഹാരാനിലെ മെത്രാപ്പോലീത്ത മോർ അബ്രഹാം.............. 9
9. തെസ്സലോനിക്യയിലെ ഡിമിട്രിയോസ, രക്തസാക്ഷി........ 11
10. സന്യാസിയായ തമുഐയയിലെ വിശുദ്ധ പൗലോസ്....14
11. വിശുദ്ധരായ രൂഫോസും സോസിമസും............................. 15
12. ഏകാന്തവാസിയായ വിശുദ്ധ സോസിമസ് ........................ 15
13. രക്തസാക്ഷികളായ ഒസ്താത്തിയോസും
ഭാര്യയും രണ്ടു മക്കളും .........................................................................16
14. വിശുദ്ധ ബിഷോയ്................................................................... 18
15. വിശുദ്ധ അഗാപിറ്റസ് മെത്രാപ്പോലീത്ത............................. 20
16. രക്തസാക്ഷിയായ വിശുദ്ധ ജൂലിയാൻ................................21
17. ഈജിപ്റ്റിലെ വിശുദ്ധ പോമെൻ .......................................... 23
18. അറിയിപ്പകാരിൽ ഒരുവനായ വിശുദ്ധ ശീലാസ്............. 27
19. രക്തസാക്ഷിയായ ഉർബാനോസ്.......................................... 28
20. അറിയിപ്പുകാരിൽ ഒരുവനായ അർക്കിപ്പോസ് ................. 29
21. അറിയിപ്പുകാരിൽ ഒരുവനായ ദീമാസ്................................ 30
22. എഫേസോസിലെ മെത്രാപ്പോലീത്തയായ
വിശുദ്ധ ഗായോസ് ..................................................................31

23. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ
അപ്പല്ലോസ് ........................................................................ 32
24. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ കീപ്പ..... 33
25. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ
ഫിലൊലോഗസ് ...................................................................... 34
26. എഡേസ്സായിലെ മെത്രാപ്പോലീത്താ
മോർ തെയോഡോഷ്യസ്....................................................... 34
27. ബർത്തലയിലെ മോർ യാക്കോബ് മെത്രാപ്പോലീത്ത.... 35
28. ശതാധിപനായ കൊർന്നല്യോസ്.......................................... 36
29. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ
എപ്പഫ്രാസ് ........................................................................... 39
30. ഏഴു ശെമ്മാശന്മാരിൽ ഒരുവനായ തീമോൻ .................. 40

References ........................................................................ 41
Appendix - I - പ. പാത്രിയർക്കീസന്മാരുടെ പട്ടിക .......44
Name Index - Volume XII ......................................................55
General Index - Volume I - XI................................................57
Books by the author ...............................................................67
ഗ്രന്ഥകർത്താവ് .................................................................... 73

# അവതാരിക

ദൈവശാസ്ത്രം, ജീവചരിത്രം, ഭൗതികശാസ്ത്രബോധനം, ഗവേഷണം എന്നീ മേഖലകളിൽ നാൽപതോളം പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ള വന്ദ്യ മാണി രാജൻ കോർഎപ്പിസ്കോപ്പായുടെ പ്രസിദ്ധീകരണങ്ങളിൽവച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു പരമ്പരയാണ് രക്തസാക്ഷികളും പരിശുദ്ധന്മാരും എന്നത്. 2003ൽ ആരംഭിച്ച ഈ പരമ്പരയുടെ അവസാനത്തേതാണ് ഈ വാല്യം. ഇതോടുകൂടി 360 ജീവചരിത്രങ്ങളാണ് വന്ദ്യ കോർഎപ്പിസ്കോപ്പ പ്രസിദ്ധീകരിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ഇത് സാധാരണക്കാരായ വിശുദ്ധ സഭാമക്കൾക്ക് അവരുടെ ജീവിതത്തിൽ വളരെയേറെ പ്രയോജനം ചെയ്യുന്ന ഒന്നുതന്നെയാകുന്നു.

ഈ പരമ്പരയുടെ മഹത്വവും സമ്പൂർണ്ണതയും 12 എന്ന സഭാ സംഖ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് കേവലം യാദൃശ്ചികമല്ലതന്നെ. ഭൗമിക സഭയുടെ സത്യവിശ്വാസത്തിന്റെ ശിൽപ്പികൾ 12 അപ്പോസ്തോലന്മാരാകുന്നതുപോലെ സ്വർഗ്ഗീയ ഊർശ്ലേം എന്ന വിശുദ്ധ നഗരത്തിന് 12 ഗോപുരങ്ങളും 12 ദൂതന്മാരുമുണ്ട്. 12 ഇസ്രയേൽ ഗോത്രങ്ങളുടെ പേരുകളും കൊത്തിയിട്ടുണ്ട്. അതിന്റെ മതിലിന് 144 (12 x 12) മുഴം നീളവും നഗരമതിലിന്റെ അടിസ്ഥാനം 12 തരം രത്നങ്ങൾ, 12 ഗോപുരങ്ങളിൽ 12 മുത്തുകൾ. അഹറോന്റെ ഏഫോദിന്മേലും 12 രത്നങ്ങൾ ദൈവകൽപനപ്രകാരം പതിച്ചിരുന്നു. 12 എന്നത് ദൈവകൽപിതമായ സംഖ്യയാകുന്നു എന്നതിന്റെ ചില വേദപുസ്തക തെളിവുകൾ മാത്രമാണിത്. പരിശുദ്ധ പിതാക്കന്മാരെയും പരിശുദ്ധന്മാരെയും രക്തസാക്ഷികളെയും ഓർക്കുവാനായി 15 വർഷംകൊണ്ട് രചിച്ച ഈ പരമ്പര തീർച്ചയായും ദൈവനടത്തിപ്പു തന്നെ എന്നതിന്റെ തെളിവാണ് ഇതിന്റെ സംഖ്യയായ 12. ഇതിന്റെ പ്രയോജനം സഭാമക്കൾ നേടിയെടുത്തേ മതിയാകൂ.

12-ാം വാല്യത്തിലെ 13-ാം ഭാഗം ഒരു കുടുംബത്തിലെ നാല് രക്തസാക്ഷികളെപ്പറ്റിയുള്ള വിവരണമാണ്. ഈ

വാല്യത്തിന്റെ കിരീടം തന്നെയാണിത്. കുസ്തന്തീനോസ് ചക്രവർത്തി ആകാശത്തിൽ കണ്ട ജ്വലിക്കുന്ന കുരിശിനോടൊപ്പം IN HON SIGNOVINCES (by this sign you shall conquer) എന്ന് കേട്ടതുപോലെ വേട്ടയാടി ഓടിച്ച കലമാന്റെ കൊമ്പുകൾക്കിടയിൽ കുരിശുകാണപ്പെടുകയും ദൈവശബ്ദം കേൾക്കുകയും ചെയ്ത Placid തന്റെ ഭാര്യയും രണ്ടു മക്കളുമായി വിശുദ്ധ മാമോദീസ ഏറ്റ് ക്രിസ്തുമതം സ്വീകരിക്കുകയും, ദൈവനാമമഹത്വത്തിനുവേണ്ടി രക്തസാക്ഷികളാകുകയും ചെയ്തു. ഈ കുടുംബത്തിന്റെ ദൈവവിളിപോലെ വിളിക്കപ്പെട്ടവരായ സഭാമക്കൾ ഇതേപ്പറ്റി അറിയുന്നതുതന്നെ ഒരു ദൈവവിളിയാകുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇവയെപ്പറ്റി ഞാൻ അറിയുന്നതുതന്നെ ആദ്യമായിട്ടാണുതാനും. അത് എത്ര വലിയ അനുഭൂതിയാണ് ഇതുവഴിയുണ്ടാക്കുന്നത് എന്ന് പറഞ്ഞറിയിക്കാൻ പോലും ആവില്ല.

ഇപ്രകാരമുള്ള 360 വിളിക്കപ്പെട്ടവരുടെ അനുഭവസാക്ഷ്യം നമുക്ക് സമ്മാനിച്ച വന്ദ്യ കോർഎപ്പിസ്കോപ്പായെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. ഇത്തരം അറിവുകൾ 12 വാല്യങ്ങൾ വഴി വിശുദ്ധ സഭാമക്കൾക്കെത്തിച്ചുതന്ന വന്ദ്യ കോർഎപ്പിസ്കോപ്പായ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഈ 12 വാല്യങ്ങളുടെയും അവതാരിക എഴുതുവാൻ എനിക്ക് അവസരം തന്ന വന്ദ്യ കോർഎപ്പിസ്കോപ്പായോടുള്ള നന്ദിയും സ്നേഹവും ആദരവും അറിയിച്ചുകൊണ്ട് വിശുദ്ധ സഭാമക്കൾ ഈ വിലയേറിയ പ്രയത്നങ്ങളുടെ പ്രയോജനം ഉണ്ടാകത്തക്കവിധം 12 വാല്യങ്ങളും വാങ്ങി സൂക്ഷിക്കുകയും വായിച്ച് ആത്മീക അഭിവൃദ്ധി ഉളവാക്കുകയും ചെയ്യുന്നതിന് ആഹ്വാനം ചെയ്യുന്നതുകൊണ്ട് വന്ദ്യ കോർഎപ്പിസ്കോപ്പായുടെ ഇത്തരം ആത്മീയ പ്രവർത്തനങ്ങൾ തുടർന്നും ചെയ്യുന്നതിന് ആയുസ്സും ആരോഗ്യവും നൽകണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

**തിരുവനന്തപുരം** **കമാണ്ടർ ഡോ. സി. എ. നൈനാൻ**
**2019 ജനുവരി 19** M. Sc., Ph. D., Th. D., D. D., D. Litt.

# ആമുഖം

ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും ആദരിക്കുകയും ഓർമ്മയാചരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും പരിശുദ്ധന്മാരുടെയും മേലദ്ധ്യക്ഷന്മാരുടെയും ജീവചരിത്രങ്ങൾ സഭാമക്കൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ഈ പരമ്പരയുടെ ആദ്യ വാല്യം പ്രസിദ്ധീകരിച്ചത് 2003ലാണ്. തുടർന്നുള്ള വർഷങ്ങളിൽ രണ്ട് മുതൽ പതിനൊന്നുവരെയുള്ള വാല്യങ്ങളും പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചു.

ഈ പന്ത്രണ്ടാം വാല്യത്തോടുകൂടെ 360 ജീവചരിത്രങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഓരോ വാല്യത്തിലും 30 ജീവചരിത്രങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ദൈവശാസ്ത്രത്തിലും സഭാവിജ്ഞാനിയത്തിലും അഗ്രഗണ്യരായ പലരുടെയും ലഘുചരിത്രങ്ങൾ ഈ വാല്യങ്ങളിൽ ഉൾപ്പെടുത്തയിട്ടുണ്ടെങ്കിലും അവരുടെ എഴുത്തുകൾ, വ്യാഖ്യാനങ്ങൾ, ആരാധനാക്രമങ്ങൾ, വിശ്വാസപരമായ പഠിപ്പിക്കലുകൾ എന്നിവയുടെ പൂർണ്ണമായ വിവരണങ്ങൾ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അവ കണ്ടെത്തുകയും അവശ്യം വേണ്ടവ മൊഴിമാറ്റം ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

സഭാ സംബന്ധമായ പുസ്തകങ്ങൾ പ്രചരിപ്പിക്കുകയും വായിക്കുന്നതിനുവേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യേണ്ടത് സഭാമക്കളുടെ കടമയാണ്. അതിപുരാതനമായ സുറിയാനി സഭയുടെ സത്യവിശ്വാസം വേദപുസ്തക അടിസ്ഥാനമുള്ളതും അപ്പോസ്തോലിക കാലംമുതൽ നിലനിന്നിരുന്നതുമാണെന്നുള്ള വസ്തുത ബോധ്യപ്പെടുന്നത് സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽനിന്നാണ്. എന്നാൽ ഈ കാലഘട്ടത്തിൽ ലൗകിക കാര്യപ്രാപ്തിയാണ് ദൈവാരാധനയുടെയും ആത്മീയതയുടെയും ലക്ഷ്യമായി ചിലരെങ്കിലും പരിഗണിക്കുന്നത്. നിത്യത, നിത്യതയ്ക്കുള്ള ഒരുക്കം, കർത്താവിന്റെ വീണ്ടും വരവിനുള്ള കാത്തിരിപ്പ് ഇവയൊന്നും പ്രഥമവും പ്രധാനവുമായ വിഷയങ്ങളായി പരിഗണിക്കപ്പെടുന്നില്ല.

മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളുടെ അർത്ഥവ്യാപ്തി സ്പഷ്ടമാകുന്നത്. കഷ്ടത, രോഗം, വേദവിപരീതം, വിവിധതരം പീഢകൾ, പ്രതിസന്ധികൾ എന്നിവ പിതാക്കന്മാർ എങ്ങനെ അഭിമുഖീകരിച്ചു, അതിന് അവരെ പ്രാപ്തരാക്കിയ ആത്മീക ദർശനം എന്തായിരുന്നുവെന്ന് അവരുടെ കൃതികളിൽ വിവരിച്ചിട്ടുണ്ട്.

ഈ പന്ത്രണ്ടാം വാല്യത്തോടുകൂടെ ഈ ദിശയിലുള്ള രചനയ്ക്ക് വിരാമമിടുകയാണ്. ഇതിന് എന്നെ പ്രാപ്തമാക്കിയ ത്രിയേക ദൈവത്തിന് മഹത്വപ്പെടുത്തുന്നു. എന്റെ മാതാപിതാക്കന്മാരെയും പൂർവ്വീകരെയും ആത്മീയ ഗുരുക്കന്മാരെയും പൗരോഹിത്യ നൽവരം വഴിയായി അനുഗ്രഹിച്ച എല്ലാ പിതാക്കന്മാരെയും നന്ദിയോടെ സ്മരിക്കുന്നു.

ഈ പന്ത്രണ്ടാം വാല്യത്തിന്റെ പ്രസിദ്ധീകരണം നിർവ്വഹിച്ച JSC പബ്ലിക്കേഷൻസിനോടുള്ള നന്ദി അറിയിക്കുന്നു. ആറു മുതലുള്ള വാല്യങ്ങളുടെയെല്ലാം ഡി.ടി.പി. ജോലികൾ നിർവ്വഹിച്ച ശ്രീ. ജൂലിയസ് സി. എബ്രഹാമിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

കുന്നംകുളം **കോറെപ്പിസ്കോപ്പ മാണി രാജൻ**

2019 മാർച്ച് 19

# 1. കൈസര്യയിലെ രക്തസാക്ഷിയായ വിശുദ്ധ കൂറിലോസ്

**(ഏ.ഡി.? - 251)**

കൈസര്യയിലെ കൂറിലോസ് (സിറിൽ) സമ്പന്നമായ ഒരു വിജാതീയ കുടുംബത്തിലാണ് ജനിച്ചുവളർന്നത്. കൂറീലോസ് യൗവ്വനത്തിൽതന്നെ രഹസ്യമായി മാമോദീസ സ്വീകരിച്ചു. കൂറിലോസ് ക്രിസ്തുമതം സ്വീകരിച്ചതറിഞ്ഞ പിതാവ് മകനെ ഭവനത്തിൽനിന്ന് പുറത്താക്കി.

മൂന്നാം നൂറ്റാണ്ടിലെ പീഡയിൽ ഒരു ബാലനായിരിക്കെ കൂറിലോസ് കഷ്ടത അനുഭവിച്ചു (http://www.catholic-saints.info/roman-catholic-saints-a-g/saint-cyril.htm). ക്രിസ്തുവിന്റെ നാമം, കൂറിലോസ് എപ്പോഴും ആവർത്തിച്ചു പറയുമായിരുന്നു. ഈ നാമം ഉച്ചരിക്കുന്നതുതന്നെ വലിയ ഒരു അനുഭവമായിരുന്നുവെന്ന് കൂറിലോസ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂറിലോസിനെ പിതാവ് അടിക്കുകയും ഉപദ്രവിക്കുകയും ചെയ്തിരുന്നുവെങ്കിലും കൂറിലോസ് ഇവയെല്ലാം സന്തോഷത്തോടെ സഹിച്ചു. കൂറിലോസ് സമപ്രായക്കാരായ നിരവധിപേരെ ക്രിസ്തുവിങ്കലേക്ക് ആകർഷിച്ചു, കൂറിലോസിനെ പിതാവ് ഭവനത്തിൽനിന്ന് പുറത്താക്കിയപ്പോൾ കൂറിലോസ് ഇപ്രകാരം പറഞ്ഞു: ‘‘എനിക്കൊന്നും നഷ്ടപ്പെട്ടില്ല, ദൈവം എനിക്ക് അധികമായി തിരിച്ചുതരും.’’

ക്രിസ്തുവിലുള്ള വിശ്വാസത്തെ പ്രതി കൂറീലോസ് ന്യായാധിപന്റെ മുൻപാകെ കൊണ്ടുവരപ്പെട്ടു. തടവിലാക്കപ്പെടുകയും ക്രിസ്തുവിലുള്ള വിശ്വാസം ത്യജിക്കുന്നതിന് നിർബന്ധിക്കുകുയം ചെയ്തു. കൂറിലോസിന്റെ ചെറിയ പ്രായത്തിൽ അനുകമ്പതോന്നിയ ന്യായാധിപൻ കൂറിലോസിനെ സ്വതന്ത്രനായിവിടാമെന്നും പിതാവ് മാപ്പ് നൽകുമെന്നും വീട്ടിലേക്ക് മടങ്ങിപോകാൻ ക്രമീകരണമുണ്ടാക്കാമെന്ന് നിർദ്ദേശിച്ചെങ്കിലും കൂറിലോസ് ആ പ്രലോഭനങ്ങളെല്ലാം നിരാകരിച്ചു. ഈ അനുഗ്രഹീത യൗവ്വനക്കാരൻ ഇപ്രകാരം മറുപടി പറഞ്ഞു: ‘‘ഞാൻ എന്റെ ഭവനം സന്തോഷത്തോടെ വിട്ടുപോന്നു എന്തെന്നാൽ മഹത്വമേറിയതും വലിയതുമായ മറ്റൊരു

ഭവനം എനിക്കായി കാത്തുവച്ചിരിക്കുന്നു.'' സ്വർഗ്ഗീയമായ ആഗ്രഹങ്ങളാൽ നിറഞ്ഞിരുന്ന കൂറിലോസ് അന്ത്യംവരെയും അതിൽതന്നെ ഉറച്ചുനിന്നു. കൂറിലോസിനെ അഗ്നിയിലി ടുന്നതിനായി കൊണ്ടുപോയെങ്കിലും തിരിച്ചുകൊണ്ടുവന്ന് വീണ്ടും വിചാരണയ്ക്കായി ഒരുങ്ങിയപ്പോൾ കൂറിലോസ് തന്റെ വധത്തിനുണ്ടാകുന്ന താമസത്തെ എതിർത്തു. ഒടുവിൽ ഏ.ഡി. 251ൽ കപ്പദോക്യയിലെ കൈസര്യയിൽ വച്ച് ശിരച്ഛേദനം ചെ യ്തു (https://catholicsaints.info/tag/died-in-cappadocia/). വിശുദ്ധ കൂറിലോസിന്റെ ഓർമ്മ സുറിയാനി സഭ മെയ് 28-ാം തീയതി ആചരിക്കുന്നു.

# 2. കൈസര്യയിലെ വിശുദ്ധ ജൂലിറ്റ

**(ഏ.ഡി.? - 303)**

ജൂലിറ്റ കപ്പദോക്കിയയിലെ കൈസര്യയിൽ (ആധു നിക ടർക്കിയിൽ) ജനിച്ചു. ആ പ്രദേശത്തെ ഒരു വിജാതിയൻ ജൂലിറ്റയുടെ വസ്തുവകകൾ കൈവശപ്പെടുത്തി. ജൂലിറ്റ ആ മനു ഷ്യനെ കോടതി കയറ്റി. അയാൾ പറഞ്ഞു: ''ക്രിസ്ത്യാനി യായ ജൂലിറ്റയക്ക് വസ്തുക്കളിന്മേൽ അധികാരമില്ല.'' അവകാശമുണ്ടെന്ന് സ്ഥാപിക്കണമെങ്കിൽ ഒരു വിഗ്രഹത്തിന് ബലിയർപ്പിക്കണം. ജൂലിറ്റ ആ നിർദ്ദേശം നിരസിച്ചു. ഏ.ഡി. 303ൽ ജൂലിറ്റയെ തീച്ചൂളയിലിടുന്നതിന് ശിക്ഷവിധിച്ചു (https://www.johnsanidopoulos.com/2015/07/saint-julitta-of-ceasarea.html). തീച്ചൂളയിലെറിയപ്പെട്ടെങ്കിലും അവളുടെ ശരീരം അത്ഭുതകരമായി കത്തിയെരിയാതെയിരുന്നു. വിശ്വാസികൾ ക്രിസ്ത്യാനികൾക്കുയോഗ്യമായ വിധത്തിൽ അവളുടെ ശരീരം സംസ്കരിച്ചു (https://catholicsaints.info/tag/died-in-cappadocia/). ഉദ്ദേശം ഏ.ഡി. 375ൽ കൈസര്യയിലെ മോർ ബസ്സേലിയോസ് ഈ രക്തസാക്ഷിയെ പ്രകീർത്തിച്ചുകൊണ്ട് എഴുതിയിട്ടുണ്ട്.

# 3. കന്യകയും രക്തസാക്ഷിയുമായ വിശുദ്ധ തിയൊഡൊസ്യ

**(ഏ.ഡി. ? - 307?)**

തിയൊഡൊസ്യ ലബനോനിലെ ടയറിൽനിന്നുള്ളവളായിരുന്നു. കേവലം പതിനെട്ട്‌വയസ്സുപോലും തികയാത്ത കന്യകയായ തിയൊഡൊസ്യയെ പലസ്തീനിലെ ഗവർണറായ ഉർബാനോസിന്റെ മുമ്പാകെ ഹാജരാക്കി. ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനാൽ ഏ.ഡി. 307 നീസാൻ മാസം (ഏപ്രിൽ) രണ്ടാം തീയതിയാണ് ന്യായാസനത്തിൻമുമ്പാകെ കൊണ്ടുവന്നത് (Eusebius of Caesarea, 1861).

തിയൊഡൊസ്യയോട് വിഗ്രഹത്തിന് ബലി കഴിക്കുന്നതിന് ആജ്ഞാപിച്ചു. അവൾ ധീരതയോടെ രാജകല്പനയെ നിരസിച്ചു. കോപപരവശനായ ഉർബ്ബാനോസ് തിയൊഡൊസ്യയെ ഇരുമ്പു ചീപ്പുകൾകൊണ്ട് ചീകുന്നതിനും ഉപദ്രവിക്കുന്നതിനും ഉത്തരവിട്ടു. വീണ്ടും വിഗ്രഹത്തിന് ബലികഴിക്കുന്നതിന് ആജ്ഞാപിച്ചു. അവൾ ഉച്ചസ്വരത്തിൽ ഇപ്രകാരം പറഞ്ഞു: ''അല്ലയോ മനുഷ്യാ നീ നിന്നെത്തന്നെ വഞ്ചിക്കുകയാണോ? നിന്റെ കൈകളിൽനിന്ന് കണ്ടെത്തണമെന്നാഗ്രഹിച്ച് ഞാൻ പ്രാർത്ഥിച്ചത് ഞാൻ പ്രാപിച്ചുവെന്ന് നീ ഗ്രഹിക്കുന്നുവോ? ദൈവത്തിന്റെ രക്തസാക്ഷികളുടെ ഓഹരിയിലേക്ക് ഞാൻ പ്രവേശിച്ചിരിക്കുന്നതിനാൽ ആ ഭാഗ്യത്തെ ഓർത്ത് ഞാൻ അതീവ സന്തുഷ്ടയാണ്. അവരുടെ പങ്കപ്പാടുകളിൽ എനിക്ക് പങ്കാളിത്വമില്ലാതിരുന്നതിനാൽ അവരോടുകൂടെ സ്വർഗ്ഗരാജ്യത്തിൽ അവകാശമുണ്ടാകേണ്ടതിനും ഏതെങ്കിലും വിധത്തിൽ ഞാൻ ഓഹരി പ്രാപിക്കേണ്ടതിനായിട്ടാണ് ഞാൻ ഈ കഷ്ടത സഹിക്കുന്നത്. ഞാൻ ആ നീതിമാന്മാരോട് അപേക്ഷിക്കുകയും അവരുടെ മദ്ധ്യസ്ഥതവഴിയായി ഞാൻ ദൈവത്തോടു കൂടുതൽ സമീപസ്തയായിരിക്കുന്നു. ഞാൻ നിന്റെ മുൻപാകെ ഇപ്പോൾ നിൽക്കുന്നതിൽ മതിമറന്നാഹ്ലാദിക്കുന്നു, എന്തുകൊണ്ടെന്നാൽ ഭാവിയിൽ എനിക്കു ലഭിക്കാനിരിക്കുന്ന പ്രതിഫലം അത്ര വലിയതാണ്. അവിടെ വന്നുകൂടിയ ജനത്തിന്റെ മുൻപിൽ ഒരു പരിഹാസപാത്രമായി എന്നു കണ്ട നീചനായ ആ ഭരണാധികാരി

തന്നെ ധിക്കാരപരമായും ഭീഷണിസ്വരത്തിലും പ്രത്യക്ഷമായി ഇകഴ്ത്തിയ ആ പെൺകുട്ടിയെ മുൻപിലത്തെപ്പോലെ വീണ്ടും ദണ്ഡിപ്പിക്കുന്നതിന് ഉദ്യമിച്ചില്ല. എന്നാൽ കടലിന്റെ ആഴത്തിൽ എറിയുന്നതിനായി ശിക്ഷയ്ക്കു വിധിച്ചു (Eusebius of Caesarea, 1861).

മേൽപറഞ്ഞ ശിക്ഷാവിധിക്കുശേഷം വിശ്വാസം ഏറ്റുപറഞ്ഞവരെയെല്ലാം പലസ്തീനിലെ ചെമ്പുഖനികളിലേക്ക് പറഞ്ഞയച്ചു. വിശുദ്ധ തെയൊഡോസ്യയുടെ ഓർമ്മ സുറിയാനി സഭ ഏപ്രിൽ 3, മെയ് 27 എന്നീ ദിവസങ്ങളിൽ ആചരിക്കുന്നു.

# 4. രക്തസാക്ഷിയായ വിശുദ്ധ അബ്ശാലോം

**(ഏ.ഡി.? - 309?)**

ദൈവരാജ്യത്തെ ഏറ്റുപറഞ്ഞ കൈസര്യക്കാരനായ പത്രോസ്, അബ്ശലോം (അബ്സെൽമ) എന്നു വിളിക്കപ്പെട്ടിരുന്നു (Eusebius of Caesarea, 1861). ഏ.ഡി. 309 കോനൂൻ (ജനുവരി) മാസം 10-ാം തീയതി അബ്ശാലോമിനോട് വിശ്വാസം ഉപേക്ഷിക്കുന്നതിന് ആജ്ഞാപിച്ചു. അബ്ശാലോം ആ പ്രലോഭനങ്ങളെല്ലാം അവഗണിച്ചു.

ചിലർ അബ്ശാലോമിന്റെ യുവത്വത്തേയും അവൻ ദഹിപ്പിക്കപ്പെടാൻ പോകുന്ന അഗ്നിയെയും കുറിച്ച് അവനെ ഓർമ്മപ്പെടുത്തി. എന്നാൽ മറ്റുചില സത്യവിശ്വാസികൾ ന്യായാധിപന്മാരുടെ ന്യായധിപതിയും നരകത്തിലെ അഗ്നിയെയും കുറിച്ച് അബ്ശാലോമിനെ ഓർമ്മപ്പെടുത്തി. അവർ ഈ താൽക്കാലിക ജീവിതം പെട്ടെന്ന് കടന്നുപോകുമെന്നും സ്വർഗ്ഗരാജ്യത്തെക്കുറിച്ച് നോക്കിപാർക്കണമെന്നും ഉൽബോധിപ്പിച്ചു. ഒടുവിൽ ദീർഘമായ പീഢനങ്ങൾക്കുശേഷം അബ്ശാലോം അഗ്നിയിൽ ദഹിപ്പിക്കപ്പെട്ടു. രക്തസാക്ഷിയായ

അബ്ശാലോമിന്റെ ഓർമ്മ ജനുവരി മാസം 10-ാം തിയതി ആയിരിക്കാം. (എഡേസ്സായിലെ എപ്പിസ്കോപ്പയായ മോർ അബ്ശാലോമന്റെ ഓർമ്മ ഒക്ടോബർ 19-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.)

## 5. ഗാസയിലെ വിശുദ്ധ തിമൊഥിയോസ്

**(എ.ഡി.? - 304?)**

ഉർബാനോസ് പലസ്തീനിലെ ഗവർണറായിരുന്നപ്പോൾ ആദ്യവർഷത്തേക്കാൾ ഭീകരമായിരുന്നു രണ്ടാമത്തെ വർഷത്തെ പീഢനങ്ങൾ. ആദ്യത്തേതിൽ സഭാ ഭരണാധികാരികൾക്കായിരുന്നു ഉത്തരവുകൾ ബാധകമാക്കിയിരുന്നത്. എന്നാൽ രണ്ടാമത്തേതിൽ എല്ലാവരും നിർജ്ജീവ വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കണമെന്ന് കൽപനയായി.

ചക്രവർത്തിയുടെ ഈ കൽപനകൾ പ്രാബല്യത്തിൽ വന്നപ്പോൾ ഗാസയിലെ അനുഗ്രഹീതനായ തിമൊഥിയോസിനെ ചങ്ങലകളാൽ ബന്ധിച്ച് ഉർബാനോസിന്റെ മുൻപിൽ ഹാജരാക്കി. വിഗ്രഹങ്ങളെ ആരാധിക്കുന്നതിനുള്ള ഉത്തരവ് പാലിച്ചില്ലെന്ന കുറ്റം തിമൊഥിയോസിന്റെമേൽ ആരോപിച്ചു. തിമൊഥിയോസ് നിർമ്മലനും നല്ല സുകൃത ജീവിതമുള്ളവനുമായിരുന്നു. ഗവർണ്ണറായ ഉർബാനോസിന്റെ മുൻപിൽ കൊണ്ടുവരുന്നതിനു മുൻപുതന്നെ തിമൊഥിയോസ് ഗാസാ പട്ടണത്തിലെ നിവാസികളിൽനിന്ന് നിരവധിയായ പീഢകൾ സഹിച്ചിരുന്നു. ഗാസയിലെ ജനങ്ങൾ ഗവർണറുടെ വിധിപ്രസ്താവിക്കുന്ന ഹാളിൽ സന്നിഹിതരായിരുന്നു.

ന്യായാധിപൻ തിമൊഥിയോസിനെ വിവരണാതീതമായ നിരവധി മുറിവുകൾ ഏൽപ്പിച്ചു. ദൈവത്തിന്റെ ധീരനായ രക്തസാക്ഷി അവയെല്ലാം ഒരു വീരയോദ്ധാവിനെപോലെ സഹിച്ചു. ഒടുവിൽ ചെറുതീയിൽ സാവധാനം ചുട്ടുകൊന്നു

(Eusebius of Caesarea, 1861). ചൂളയിൽ ശുദ്ധീകരിച്ച സ്വർണ്ണം പോലെ തിമൊഥിയോസ് പരിശോധിക്കപ്പെട്ടു. ദൈവത്തോടുള്ള വിശ്വസ്തതയും പരിപൂർണ്ണതയും വെളിവാക്കപ്പെട്ടു. നീതി മാന്മാർക്ക് അർഹമായ വിജയം സമ്പാദിച്ച് ജയകിരീടം നേടി. ദൈവത്തോടുള്ള സ്നേഹം മുറുകെപിടിച്ച സത്യവിശ്വാസ ജീവിതം നയിച്ച് ദൈവേഷ്ടത്തിനു യോഗ്യമായ പ്രതി ഫലം തിമൊഥിയോസ് നേടി. വിശുദ്ധ തിമൊഥിയോസ് രക്തസാക്ഷിയുടെ ഓർമ്മ സുറിയാനി സഭ ആഗസ്റ്റ് 20-ാം തീയതി ആചരിക്കുന്നു.

# 6. രക്തസാക്ഷിയായ വിശുദ്ധ എപ്പിപ്പാനിയോസ്

### (നാലാം നൂറ്റാണ്ടിലെ ആദ്യ ദശകം)

ലൈസിയയിലെ സമ്പന്നവും പ്രസിദ്ധവുമായ ഒരു കുടുംബത്തിൽ ജനിച്ച എപ്പിപ്പാനിയോസ് ബെയ്റൂട്ടിൽ വിദ്യാഭ്യാസം നടത്തി. ഇരുപതു വയസ്സുപോലും തികയാത്ത എപ്പിപ്പാനിയോസ് യൗവ്വനപ്രായക്കാരിൽനിന്നും സമൂഹത്തിൽ നിന്നും ഉൾവലിഞ്ഞ് സുകൃതങ്ങൾ പരിശീലിച്ചു (http://www.syriacstudies.com/2016/09/22/bishops-of-the-city-of-harran/).

ബെയ്റൂട്ടിലെ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം സ്വകുടുംബം ഉപേക്ഷിച്ച് കൈസര്യയിലേക്ക് വരികയും ദൈവകൃപയിൽ വിശുദ്ധിയിൽ ജീവിക്കുകയും തനിക്കായി ഒരുക്കിയിരുന്ന രക്തസാക്ഷിത്വകിരീടം പ്രാപിക്കുന്നതിനായി സമർപ്പിക്കുകയും ചെയ്തു. രക്തസാക്ഷിയായ പംഫിലസ് (d. 309) എപ്പിപ്പാനിയോസിനെ വിശുദ്ധ വചനങ്ങൾ പഠിപ്പി ച്ചിരുന്നു.

എപ്പിപ്പാനിയോസിന്റെ ധൈര്യത്തോടുകൂടെയുള്ള പ്രസം ഗവും, ക്ഷമയും, ഗവർണറോടുള്ള സംസാരവും ന്യായാധിപ നോടുള്ള മറുപടികളുമെല്ലാം എല്ലാവരാലും പുകഴ്ത്തപ്പെട്ടു.

ഏ.ഡി. 305ൽ രണ്ടാം പ്രാവശ്യവും 'എല്ലാവരും വിഗ്രഹങ്ങൾക്കു ബലികഴിക്കണമെന്നുള്ള' മക്സിമിയസിന്റെ വിളംബരം കഠിനമായി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായുള്ള പീഢനങ്ങൾ നടന്നുവരുന്ന കാലമായിരുന്നു അത് (Eusebius of Caesarea, 1861). എല്ലാ പുരുഷന്മാരും അവരുടെ ഭാര്യമാരും കുട്ടികളും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രങ്ങളിൽ ഒത്തുചേരണമെന്നും ബലികൾ നിർവ്വഹിക്കണമെന്നുമായിരുന്ന ആ പ്രഖ്യാപനം.

എപ്പിപ്പാനിയോസ് ഗവർണ്ണറുടെ കൊട്ടാരത്തിൽ ചെന്ന്, ഉർബ്ബാനസ്, ദേവന് അർച്ചന ചെയ്തുകൊണ്ടിരുന്നപ്പോൾ അവന്റെ വലതുകൈ പുറകോട്ട് വലിച്ചുകൊണ്ട് അവന്റെ തെറ്റിൽ നിന്ന് അവനെ പിൻതിരിപ്പിക്കുന്നതിനായി ഇപ്രകാരം പറഞ്ഞു: ''സത്യഏകദൈവത്തിൽനിന്ന് പിൻതിരിഞ്ഞ് ജീവനില്ലാത്ത വിഗ്രഹങ്ങൾക്കും നീചപിശാചുക്കൾക്കും ബലികഴിക്കുന്നത് ശരിയല്ല.''

അതിനുശേഷം പടയാളികളും ഗവർണറുടെ കാര്യാലയത്തിലെ മേലധികാരികളും എപ്പിപ്പാനിയോസിന്റെ മുഖത്തടിക്കുകയും നിലത്തിട്ട് ചവിട്ടുകയും വായും ചുണ്ടുകളും കടിഞ്ഞാൺ ഉപയോഗിച്ച് കീറിമുറിക്കുകയും ചെയ്തു. തുടർന്ന് കാലുകൾ കുറ്റിയിൽ വലിച്ചുകെട്ടി തടവറയിലിടുകയും ചെയ്തു. അടുത്ത ദിവസം വീണ്ടും എപ്പിപ്പാനിയോസിനെ ഉർബ്ബാനസിന്റെ മുൻപിൽ ഹാജരാക്കി. എപ്പിപ്പാനിയോസിന്റെ വാരിയെല്ലുകൾക്കിടയിലൂടെ ആന്തരിക അവയവങ്ങൾ കാണത്തക്കവിധം മുറിവുകൾ എൽപിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ രക്തസാക്ഷി ഇവയെല്ലാം സഹിക്കുന്നതിന് ശക്തി നേടി.

ഗവർണർ കൂടുതൽ ചോദ്യം ചെയ്തെങ്കിലും 'ഞാൻ ഒരു ക്രിസ്ത്യാനിയാണെന്ന്' മാത്രം ഉത്തരം പറഞ്ഞു. ഇതിൽ കുപിതനായ ഗവർണർ എപ്പിപ്പാനിയോസിന്റെ കാലുകൾ പഞ്ഞികൊണ്ട് പൊതിഞ്ഞ് എണ്ണയിൽ മുക്കി കത്തിക്കുന്നതിനു ഉത്തരവിട്ടു. ദൈവത്തിന്റെ പരിശുദ്ധനെ ഉയരത്തിൽ തൂക്കിയിട്ടുകൊണ്ട് ഈ ക്രൂരകൃത്യം ചെയ്തത് കണ്ടുനിൽക്കുന്നവരെകൂടി ഭയപ്പെടുത്തുന്നതിനായിരുന്നു.

വീണ്ടും ജയിലിലിലടക്കുകയും അടുത്ത ദിവസം ന്യായാധിപന്റെ മുൻപിൽ ഹാജരാക്കുകയും ചെയ്തു. എന്നാൽ എപ്പിപ്പാനിയോസ് മുൻപിലത്തെപ്പോലെ വിശ്വാസം ഏറ്റുപറ

ഞ്ഞതല്ലാതെ മറ്റൊന്നും പറഞ്ഞില്ല. തുടർന്ന് എപ്പിപ്പാനിയോസിനെ കടലിലെറിയുന്നതിന് ഉത്തരവായി. അതേ തുടർന്ന് കടൽ പ്രക്ഷുബ്ധമാകുകയും കൊടുങ്കാറ്റുണ്ടാകുകയും ഭൂമികുലുക്കമുണ്ടാകുകയും ചെയ്തു. ആ ദിവസം തന്നെ ആ ദേശവും അതിലെ നിവാസികളും നശിപ്പിക്കപ്പെടുമെന്ന ചിന്തയിൽ ജനമെല്ലാം ഭയചകിതരാകുകയും അവരുടെ കൈകൾ സ്വർഗ്ഗത്തിലേക്കുയർത്തുകയും ചെയ്തു.

തുടർന്ന് വിശുദ്ധ എപ്പിപ്പാനിയോസിന്റെ ശരീരം തിരമാലകൾ പട്ടണവാതിൽക്കൽ എത്തിച്ചു. എല്ലാ പ്രായത്തിലുള്ള സ്ത്രീകളും പുരുഷന്മാരും കുട്ടികളോടൊപ്പം ഈ കാഴ്ച കാണുന്നതിനായി പരസ്പരം തിക്കിത്തിരക്കി. പട്ടണമെല്ലാം ക്രിസ്ത്യാനികളുടെ ദൈവത്തെ പാടിപുകഴ്ത്തി. രക്തസാക്ഷിയായ എപ്പിപാനോസിനെ പീഢകൾ സഹിക്കുന്നതിന് ശക്തീകരിച്ച ക്രിസ്തുവിനെ എല്ലാവരും ഉച്ചസ്വരത്തിൽ ഏറ്റുപറഞ്ഞു.

നീസാൻ (ഏപ്രിൽ) മാസം 2-ാം തീയതി ഇവ സംഭവിച്ചു. വിശുദ്ധ എപ്പിപ്പാനിയോസിന്റെ ഓർമ്മ സുറിയാനി സഭ ജൂലൈ 14-ാം തീയതി ആചരിക്കുന്നു.

## 7. ഹാരാനിലെ മെത്രാപ്പോലീത്തയായ മോർ ദാവീദ്

**(ഏ.ഡി.? - 880)**

എഡേസ്സായ്ക്കു തെക്കുള്ള ഒരു പുരാതന പട്ടണമാണ് ഹാരാൻ. ഹാരാൻ പട്ടണം നിർമ്മിച്ചത് അർഫസാദിന്റെ മകനായ കിനാനാണ്. കിനാനിന്റെ മകനായ ഹാരാന്റെ പേരാണ് പട്ടണത്തിനു നൽകിയത് (http://www.syriacstudies.com/2016/09/22/bishops-of-the-city-of-harran/). യഹോവ കൽപിച്ചതനുസരിച്ച് അബ്രാമും, സാറായിയും, ലോത്തും ഹാരാനിൽ നിന്നാണ് കനാനിലേക്ക് യാത്രതിരിച്ചത് (ഉൽപ്പത്തി. 12:1-4).

ഹാരാനിലുള്ളവർ പ്രാചീനമായ സുറിയാനി ഭാഷയാണ് ഉപ യോഗിച്ചിരുന്നത്. അതുതന്നെയാണ് എഡേസ്സായിലും ഉപ യോഗത്തിലിരുന്ന അരമായ ഭാഷ.

മോർ ഗീവറുഗീസിനുശേഷം ഹാരാനിലെ മെത്രാ പ്പോലീത്തയായിരുന്നു മോർ ദാവീദ്. ഇദ്ദേഹം തുറബ്ദീനിലെ ഗ്രാമമായ മനിംഇമിൽ നിന്നുള്ളവനായതിനാൽ മനിംഇമിലെ ദാവീദ് എന്നറിയപ്പെട്ടിരുന്നു. ഇദ്ദേഹം മോർ ശെമവൂൻ സെത്തൂനി യുടെ (ഒലിവുകളുടെ മോർ ശെമ്വൂന്റെ d. 734) ചാർച്ചക്കാര നാണ്. മോർ ദാവീദ് കർത്തമീനിലെ ദയറായിൽ ചേർന്ന് സന്യാസിയാകുകയും പരിശുദ്ധ പാത്രിയർക്കീസ് യൂഹാനോൻ മൂന്നാമൻ (d. 873) ഇദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിക്കുകയും ചെയ്തു.

മോർ ദാവീദ് തന്റെ വിലയേറിയ പല വസ്തുക്കളും പുസ്ത കങ്ങളും കർത്ത്മീൻ ദയറായ്ക്കു ഇഷ്ടദാനം ചെയ്തു. സഹോദരീപുത്രനായ മനിംഇമിലെ സേവേറിയോസ് തുകലിൽ പകർത്തിയെഴുതിയ കാനോനുകളും ഇവയിൽ ഉൾപ്പെടുന്നു.

മോർ ദാവീദിന്റെ ഓർമ്മ ഫെബ്രുവരി 10-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 8. ഹാരാനിലെ മെത്രാപ്പോലീത്ത മോർ അബ്രഹാം

**(എ.ഡി. ? - 431?)**

അബ്രഹാം ജനിച്ചതും വളർന്നതും സൈപ്രസ്സിലാണ്. ഇദ്ദേഹം പിന്നീട് ഹാരാനിലെ മെത്രാപ്പോലീത്തയായ പ്രൊ ട്ടോജനസിസിന്റെ പിൻഗാമിയായിത്തീർന്നു. മതപരമായ കാര്യങ്ങളിൽ അത്യുത്സാഹവും സുകൃതങ്ങളും നൈർ മ്മല്യവുമുള്ള ഒരു ജീവിതമാണ് അബ്രഹാം നയിച്ചത്. സന്യാസ ചരിത്രരചയിതാവായ കൊരിന്തിലെ തിയൊഡോററ്റ് എഴു തിയ മോർ അബ്രഹാമിന്റെ ജീവചരിത്രത്തിൽ ഇപ്ര

കാരം രേഖപ്പെടുത്തിയിരിക്കുന്നു: ‘‘സൈപ്രസ്സിൽ വിളഞ്ഞ ഒരു ശ്രേഷ്ടമായ ഫലമാണ് മോർ അബ്രഹാം.’’ രോഗ ബാധിതനാകത്തക്കവിധം നോമ്പിലും പ്രാർത്ഥനയിലും ആത്മിക വ്യായാമത്തിലും മോർ അബ്രഹാം സമർപ്പിച്ചു. രോഗസൗഖ്യത്തിനുശേഷം മൗണ്ട് ലബനോനിലെ ഒരു വലിയ ഗ്രാമത്തിലേക്ക് അബ്രഹാം പോകുകയുണ്ടായി.

ആ ഗ്രാമവാസികൾ വിഗ്രഹാരാധനക്കാരായിരുന്നു. കച്ചവടക്കാരനെന്ന രീതിയിൽ വേഷപ്രഛന്നനായി അവിടെയെത്തിയശേഷം ഹോംസിലെ പരിചയക്കാരിൽനിന്ന് കടംവാങ്ങിയ അൻപത് ദിനാർകൊണ്ട് അവരെ വീണ്ടെടുത്തു. അവരുടെ പരുക്കൻ സ്വഭാവവും ഹൃദയകാഠിന്യവും പരിഗണിക്കാതെ അബ്രഹാം ഗ്രാമവാസികളെ സ്നേഹിച്ചു. അബ്രഹാമിന്റെ ക്ഷമാശീലത്തെ അവർ അതിശയത്തോടെ നോക്കിക്കണ്ടു. ഗ്രാമവാസികൾ ഗ്രാമത്തിന്റെ ചുമതലയേൽക്കുന്നതിന് അബ്രഹാമിനോട് ആവശ്യപ്പെട്ടു. എന്നാൽ അവരുടെ ആഗ്രഹം നിറവേറ്റുന്നതിന് അബ്രഹാം ഒരു ഉപാധിവച്ചു. അതനുസരിച്ച് ചുരുങ്ങിയ സമയംകൊണ്ട് ഒരു ദൈവാലയം പണിയുകയും അവർ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. അവരുടെ താൽപര്യപ്രകാരം മൂന്നുവർഷത്തോളം അവരെ ശുശ്രൂഷിച്ച ശേഷം ദയറായിലേക്കു മടങ്ങിപ്പോയി.

അബ്രഹാമിന്റെ ഖ്യാതി എങ്ങും പരന്നു. തുടർന്നു ചതിയിലും വിഗ്രഹാരാധനയിലും മുഴുകിയിരുന്ന ഹാരാനിലെ ജനത്തിനു വേണ്ടി മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. ഒരു നല്ല ഇടയനെപ്പോലെ അബ്രഹാം കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേല ചെയ്യുകയും ഗ്രാമവാസികൾക്ക് വിദ്യാഭ്യാസം കൊടുക്കുകയും സത്യത്തിന്റെ പാതയിൽ നയിക്കുകയും ചെയ്തു (http://www.syriacstudies.com/2016/09/22/bishops-of-the-city-of-harran/).

മോർ അബ്രഹാം പുരോഹിതനായ നാൾ മുതൽ പയർ (അമര) മാത്രം ഭക്ഷിക്കുകയും അപ്പം ഉപേക്ഷിക്കുയം ചെയ്തു. രാത്രിയാമങ്ങളിൽ ആരാധനയിലും പ്രാർത്ഥനയിലും ചെലവഴിക്കുകയും കസേരയിൽ ഇരുന്നു അൽപസമയം ഉറങ്ങുകയും ചെയ്യുമായിരുന്നു. പരദേശികളുടെയും ദരിദ്രരുടെയും ആവശ്യങ്ങൾ കണ്ട് അവരെ സംരക്ഷിക്കുകയും ദയ കാണിക്കുകയും ചെയ്യുമായിരുന്നു. അബ്രഹാം തന്റെ പട്ടണ

വാസികളോട് സമാധാനത്തിലും വിദ്വേഷം ഒഴിവാക്കിയും ജീവിക്കുന്നതിന് ഉപദേശിക്കുകയും അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുകയും ചെയ്യുമായിരുന്നു.

മോർ അബ്രഹാമിന്റെ കീർത്തി ദൂരദേശങ്ങളിലും എത്തുകയുണ്ടായി. തിയൊഡോഷ്യസ് (younger) ചക്രവർത്തി മോർ അബ്രഹാമിനെ കുസ്തന്തീനോസ്പോലീസിലേക്ക് ക്ഷണിക്കുകയും ഏറെ ആദരവോടെ സ്വീകരിക്കുകയും ചെയ്തു.

മോർ അബ്രഹാം കുസ്തന്തീനോസ്പോലീസിൽവച്ച് കാലം ചെയ്തു. ചക്രവർത്തിയും രാജ്ഞി യൂഡോക്സിയയും പട്ടാളക്കാരും കബറടക്കത്തിൽ പങ്കെടുക്കുകയുണ്ടായി. അന്ത്യോഖ്യാവഴി ഹാരാനിലേക്ക് കൊണ്ടുപോയ ഭൗതികശരീരം കടന്നുപോയ പട്ടണങ്ങളിലെല്ലാം ഏറെ ആദരവോടെ ആ ദേശവാസികൾ വണങ്ങുകയുണ്ടായി. പട്ടാളക്കാർ ശവമഞ്ചത്തിനുചുറ്റുംസുരക്ഷ ഒരുക്കിയിരുന്നെങ്കിലും വിലാപയാത്ര യൂഫ്രട്ടീസ് നദീക്കരെയെത്തിയപ്പോൾ ജനക്കൂട്ടം ഭൗതികശരീരത്തിൽനിന്നും വസ്ത്രത്തിന്റെ അംശങ്ങൾ കിട്ടുന്നതിനായി തിക്കിത്തിരക്കി. ഹാരാനിൽ മോർ അബ്രഹാമിന്റെ ഭൗതികശരീരം കബറടക്കി.

മോർ അബ്രഹാമിന്റെ മദ്ധ്യസ്ഥതവഴിയായി അനേകം അത്ഭുതങ്ങൾ നടന്നു. ഏ.ഡി. 431ലെ സാർവ്വത്രിക സുന്നഹദോസിന് മുമ്പ് മോർ അബ്രഹാം കാലം ചെയ്തതായി കരുതപ്പെടുന്നു. ഇദ്ദേഹത്തിന്റെ ഓർമ്മ ആഗസ്റ്റ് 7-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 9. രക്തസാക്ഷിയായ തെസ്സലോനിക്യയിലെ ഡിമിട്രിയോസ്

**(ഏ.ഡി.? - 303?)**

മാസിഡോണിയ പ്രവിശ്യയിലെ ഒരു സമ്പന്ന കുടുംബത്തിലാണ് ഡിമിട്രിയോസ് ജനിച്ചത്. പിതാവ് തെസ്സലോനി

കൃയിലെ പട്ടാളത്തിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്നു (https://www.huffingtonpost.com/evagelos-sotiropoulos/saint-demetrios-the-myrrh_b_4163607.html?guccounter=1). ശ്രേഷ്ഠമായ വിദ്യാഭ്യാസത്തിനുശേഷം ഡിമിട്രിയോസ് പട്ടാളത്തിലെ കാര്യദർശിയായി ജോലിയിൽ ചേർന്നു. വിഗ്രഹാരാധന സർവ്വസാധാരണമായിരുന്നതിനാൽ യുവാവായിരുന്നപ്പോൾതന്നെ മാമോദീസ സ്വീകരിച്ച് ക്രിസ്ത്യാനിയാകുന്നതിന് തീരുമാനിച്ചു. പിതാവ് നിര്യാതനായശേഷം റോമൻ ചക്രവർത്തിയായ ഗലേറിയസ് മാക്സിമിയൻ ക്രിസ്ത്യാനികളെ വേട്ടയാടുന്നതിനും വധിക്കുന്നതിനും ഉത്തരവിട്ടു (https://orthodoxwiki.org/Demetrius_of_Thessaloniki). ഡിമിട്രിയോസിനോട് വിശ്വാസം ത്യജിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം വിഗ്രഹാരാധനയോടുള്ള തന്റെ വെറുപ്പ് ഒരിക്കൽകൂടി പ്രകടമാക്കുകയും തന്റെ വിശ്വാസം വെളിപ്പെടുത്തുകയും ചെയ്തു. അതിനാൽ ഡിമിട്രിയോസിനെ തടവിലാക്കുകയും പീഡിപ്പിക്കുകയും ചെയ്തു. ഒരു മാലാഖ ഡിമിട്രിയോസിനു പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: ''സമാധാനം നിന്നോടുകൂടെ, നീ ദൈവത്തിനുവേണ്ടി കഷ്ടതയേൽക്കുന്നു; ശക്തിയാർജ്ജിക്കൂ ധൈര്യമായിരിക്കൂ.'' പട്ടാളക്കാർ തടവറയിൽ ചെന്നുനോക്കിയപ്പോൾ ഡിമിട്രിയോസ് പ്രാർത്ഥിക്കുന്നതായികണ്ട് കുന്തം കൊണ്ട് കുത്തി കൊലപ്പെടുത്തി.

വിശ്വാസികൾ ഡിമിട്രയോസിന്റെ ഭൗതികശരീരം തെസ്സലോനിക്യയിൽ കബറടക്കി. കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കുകയും ക്രിസ്തുമതം ഔദ്യോഗിക മതമായി പ്രഖ്യാപിക്കുകയും ചെയ്തതിനെ തുടർന്ന് ഡിമിട്രിയോസ് രക്തസാക്ഷിയായ സ്ഥലത്ത് (കബറിടത്തിനു മുകളിൽ?) ഒരു ചെറിയ പള്ളി പണിയുകയും ചെയ്തു. ലിയോൺഷ്യസ് എന്ന ഉത്തമനായ ഒരു മനുഷ്യൻ ഡിമിട്രിയോസിന്റെ തിരുശേഷിപ്പുകളിൽനിന്ന് അനുഗ്രഹം (രോഗസൗഖ്യം) പ്രാപിച്ചതിനെത്തുടർന്ന് ആ സ്ഥലത്ത് ഒരു വലിയ പള്ളി പണികഴിപ്പിക്കുകയും ചെയ്തു. ഏഴാം നൂറ്റാണ്ടിൽ വിശുദ്ധ ഡിമിട്രിയോസിന്റെ കബറിടത്തിൽനിന്ന് സുഗന്ധദ്രവ്യം ഒഴുകുകയും അതേത്തുടർന്ന് 'സുഗന്ധം വർഷിക്കുന്നവൻ' എന്ന വിശേഷണം കൂടി വിശുദ്ധ ഡിമിട്രിയോസിനുണ്ടാകുകയും ചെയ്തു. ഡിമിട്രിയോസ് രക്തസാക്ഷിമരണം പ്രാപിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ

സമ്പത്തെല്ലാം അദ്ദേഹത്തിന്റെ ലൂപ്പസ് എന്ന ശുശ്രൂഷകൻവഴിയായി ദരിദ്രർക്കു ദാനം ചെയ്തു. പിന്നീട് ഡിമിട്രിയസിന്റെ രക്തം പുരണ്ട നീളൻ കുപ്പായവും മുദ്രമോതിരവും ഉപയോഗിച്ച് ധാരാളം അത്ഭുതങ്ങൾ ചെയ്തതിനാൽ ലൂപ്പസിനെ ശിരഛേദനം ചെയ്തു.

ചക്രവർത്തിയായ ജസ്റ്റീനിയൻ വിശുദ്ധ ഡിമിട്രിയോസിന്റെ തിരുശേഷിപ്പുകൾ കുസ്തന്തീനോസ്പോലീസിലേക്ക് കൊണ്ടുപോകുന്നതിന് ശ്രമിച്ചപ്പോൾ കബറിൽനിന്ന് തീനാളങ്ങൾ ഉയരുകയും ''അത് അവിടെതന്നെ വയ്ക്കൂ: അത് സ്പർശിക്കരുത്'' എന്ന ശബ്ദം കേൾക്കുകയും ചെയ്തു. ഒരിക്കൽ മെഴുകുതിരി വിൽക്കുന്ന ഒരു യുവാവ് മെഴുകുതിരി മോഷ്ടിക്കുകയും വീട്ടിൽകൊണ്ടുപോയി വിൽക്കുകയും ചെയ്തപ്പോൾ ഡിമിട്രിയോസ് പ്രത്യക്ഷപ്പെടുകയും ''നീ നിനക്കുതന്നെയും പള്ളിക്കും ദോഷം ചെയ്യുന്നു'' എന്ന് കൽപിക്കുയും ചെയ്തു. അതിൽ ലജ്ജിതനായ യുവാവ് കുറച്ചുനാൾ ആ പ്രവർത്തിയിൽനിന്നും പിൻതിരിയുകയും എന്നാൽ വീണ്ടും മോഷണം നടത്തുകയും ചെയ്തു. ഒരു ദിവസം ഡിമിട്രിയോസിന്റെ കബറിങ്കൽ കത്തിച്ചുവച്ചിരുന്ന ഏതാനും വലിയ മെഴുകുതിരികൾ ആ യുവാവ് മോഷ്ടിക്കുന്നതിന് ശ്രമിച്ചപ്പോൾ വീണ്ടും ഒരു ശബ്ദം ഉണ്ടായി: ''നീ വീണ്ടും ആവർത്തിക്കുകയാണോ?'' തുടർന്ന് ആ യുവാവ് ബോധരഹിതനാകുകയും ഉണർന്നെഴുന്നേറ്റപ്പോൾ ഈ കാര്യങ്ങൾ പറയുകയും ചെയ്തു. രക്തസാക്ഷിയായ വിശുദ്ധ ഡിമിട്രിയോസിന്റെ ഓർമ്മ ഒക്ടോബർ 26-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 10. സന്യാസിയായ തമുഐയയിലെ വിശുദ്ധ പൗലോസ്

**(എ.ഡി. ? - 417?)**

സന്യാസിയായ പൗലോസ് ഈജിപ്റ്റിലെ തമുഐയയിൽ നിന്നുള്ളവനായിരുന്നു. ചെറിയ പ്രായത്തിൽതന്നെ സന്യാസ ജീവിതം ആഗ്രഹിക്കുകയും അൻസീന മലയിലേക്ക് പോകുകയും ചെയ്തു. അവിടെ ശിഷ്യനായ യെഹസ്കിയേലിനോടുകൂടെ താമസിക്കുകയും ചെയ്തു (https://st-takla.org/books/en/church/synaxarium/02-babah/07-baba-tamouh.html).

നാഥനായ കർത്താവിനോടുള്ള സ്നേഹത്തെപ്രതി ഭൗതിക കാര്യങ്ങളെ ഉപേക്ഷിക്കുകയും നോമ്പാലും പ്രാർത്ഥനകളാലും ശരീരത്തെ ക്ഷീണിപ്പിക്കുകയും ചെയ്തു. ലോകത്തേയും ജഡത്തേയും പിശാചിനേയും തോൽപിക്കുന്നതിനായി ഉത്തമജീവിതം നയിച്ച പൗലോസിന് നാഥനായ ക്രിസ്തു പ്രത്യക്ഷനാകുകയും അനുഗ്രഹിക്കുകയും ചെയ്തു. പൗലോസ് കർത്താവിനോട് പറഞ്ഞു: ''എല്ലാം നിന്റെ സംരക്ഷണത്താലാണ്. മനുഷ്യവർഗ്ഗത്തിന്റെ സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായുള്ളോവേ! അർഹതയില്ലാത്ത പാപികളായ ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മരണത്താൽ''. നാഥനായ ക്രിസ്തു പൗലോസിനെ ആശ്വസിപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്തു.

വിശുദ്ധ ബിഷോയ് (d. 417) അൻസീന മലയിലേക്ക് പോവുകയും അവിടെ വിശുദ്ധ പൗലോസിനോടുകൂടെ ജീവിക്കുകയും ചെയ്തിട്ടുണ്ട്. നാഥനായ ക്രിസ്തു പൗലോസിനോടു കൽപിച്ചു. ''നിന്റെ ശരീരം തിരഞ്ഞെടുക്കപ്പെട്ടവനായ ബിഷോയിയുടെ ശരീരത്തോടുകൂടെ അടക്കപ്പെടും.'' അപ്രകാരം തന്നെ ബിഷോയിയോടുകൂടെ പൗലോസിന്റെ ശരീരവും കബറടക്കപ്പെട്ടു. സ്കീറ്റിലെ മക്കാറിയോസിന്റെ വിജനപ്രദേശത്തേക്ക് ബിഷോയിയുടെ മാത്രം ഭൗതിക അവശിഷ്ടം കൊണ്ടുപോകുന്നതിനായി വള്ളത്തിൽ കയറ്റിയപ്പോൾ വള്ളം മുന്നോട്ടു നീക്കാൻ കഴിഞ്ഞില്ല. തുടർന്ന് പൗലോസിന്റെ ഭൗതിക അവശിഷ്ടംകൂടെ വള്ളത്തിൽ കയറ്റുകയും സ്കീറ്റിലേക്ക് കൊ

ണ്ടുപോകുകയും ചെയ്തു. തമുഐയയിലെ സന്യാസിയായ വിശുദ്ധ പൗലോസിന്റെ ഓർമ്മ ഒക്ടോബർ 5-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 11. വിശുദ്ധരായ രൂഫോസും സോസിമസും

### (എ.ഡി. ? - 107?)

വിശുദ്ധരായ രൂഫോസും സോസിമസും രക്തസാക്ഷികളായത് എ. ഡി. 107ലാണ്. അവർ അന്ത്യോഖ്യയിൽ ജീവിച്ചിരുന്നവരാണ്. റോമൻ ചക്രവർത്തിയായ ട്രാജൻ (എ.ഡി. 98-117) അന്ത്യോഖ്യായുടെ അഗ്നിമയനായ മോറാൻ ഇഗ്നാത്തിയോസിനോടുകൂടെ, സഹചാരികളായ രുഫോസിനെയും സോസിമസിനെയും റോമിലെ ഒരു വിനോദസ്ഥലത്തുവച്ച് വിശക്കുന്ന (പട്ടിണിക്കിട്ട) സിംഹങ്ങൾക്ക് ഇട്ടുകൊടുത്തു (Aphrem, 1963) (https://www.redirectify.com/people/rufus-and-zosimus.html; Aphrem, 1963). രൂഫോസിന്റെയും സോസിമോസിന്റെ ഓർമ്മ ഡിസംബർ 20-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 12. ഏകാന്തവാസിയായ വിശുദ്ധ സോസിമസ്

### (മൂന്നാം നൂറ്റാണ്ടിന്റെ അവസാന ദശകം)

സോസിമസ് കിലിക്യയിൽ (തുർക്കിയുടെ തെക്കെതീരം) നിന്നുള്ള ഒരു സന്യാസിയായിരുന്നു. സോസിമോസിന്റെ വിശ്വാസത്തെപ്രതി അദ്ദേഹം തടവിലാക്കപ്പെടുകയും കഠിന പീഡനങ്ങൾക്ക് വിധേയനാക്കുകയും ചെയ്തു. ഈ പീ

ഡനങ്ങളാൽ സോസിമസിന് യാതൊരു ഉപദ്രവവുമുണ്ടായില്ല (ശരീര ക്ലേശങ്ങളൊ മുറിവുകളൊ) എന്നത് കണ്ട ജയിലിലെ വാർഡൻ, അത്താനാസിയോസ്, ക്രിസ്തുവിൽ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്തു.

മൂന്നാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിലാണ് ഡയോക്ലീഷ്യൻ ചക്രവർത്തി പീഡനങ്ങൾ അഴിച്ചുവിട്ടത്. (https://www.redirectify.com/people/rufus-and-zosimus.html; Aphrem, 1963) തടവറയിൽനിന്നും മോചിപ്പിക്കപ്പെട്ട സോസിമസിനോടുകൂടെ അത്താനാസിയോസും കൂട്ടുചേരുകയും യാത്രചെയ്ത് കിലിക്യയിലെ ഒരു മലയിടുക്കിൽ മരണംവരെയും (ഏകാന്തവാസം?) സന്യാസിയായി ജീവിക്കുകയും ചെയ്തു. ഇദ്ദേഹം രക്തസാക്ഷിയായി എന്ന അഭിപ്രായവുമുണ്ട്.

വിശുദ്ധ സോസമിസിന്റെ ഓർമ്മ നവംബർ 5-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 13. രക്തസാക്ഷികളായ ഒസ്താത്തിയോസും ഭാര്യയും രണ്ടു മക്കളും

### (ഒന്ന്, രണ്ടു നൂറ്റാണ്ടുകൾ)

തീത്തോസ് (എ.ഡി. 79-81) ട്രാജൻ (എ.ഡി. 98-117) എന്നീ ചക്രവർത്തിമാരുടെ ഭരണകാലഘട്ടത്തിൽ പട്ടാളത്തിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു ഒസ്താത്തിയോസ്. വിജാതിയനായിരുന്ന ഒസ്താത്തിയോസിന്റെ ആദ്യത്തെ പേര് പ്ലാസിഡ് എന്നായിരുന്നു. ഇദ്ദേഹം നീതിമാനും ദയാലുവുമായിരുന്നു.

ഒരിക്കൽ പ്ലാസിഡസ് വേട്ടയാടാനായി പോയപ്പോൾ ഒരു കലമാനെ പിന്തുടർന്നു. ദൈവപരിപാലനയാൽ കലമാന്റെ കൊമ്പുകൾക്കിടയിൽ ഒരു കുരിശു കാണപ്പെടുകയും പ്ലാസിഡസ് നാഥന്റെ ഒരു ശബ്ദം കേൾക്കുകയും ചെയ്തു. ആ ശബ്ദം നിർദ്ദേശിച്ചതനുസരിച്ച് പ്ലാസിഡസും ഭാര്യയും രണ്ടു മക്കളും മാമോദീസാ സ്വീകരിച്ചു. മാമോദീസായിൽ

പ്ലാസിഡസ്, ഒസ്താത്തിയോസ് എന്ന പേരും ഭാര്യ തെയൊപിസ്ത ('ദൈവത്തിന്റെ വിശ്വസ്ത' എന്നർത്ഥം) എന്ന പേരും മക്കൾ അഗാപ്പിറ്റസ്, തെയൊപിസ്റ്റസ് എന്ന പേരും സ്വീകരിച്ചു. മാമോദീസായ്ക്കുശേഷം ഒസ്താത്തിയോസ് കലമാനെ കണ്ട സ്ഥലത്ത് തിരികെ ചെന്ന് സത്യത്തിലേക്ക് നയിച്ച ദൈവത്തെ മഹത്വപ്പെടുത്തി. ആ സമയത്ത് വീണ്ടും നാഥന്റെ ശബ്ദം കേട്ടു: ''നീ എന്റെ നാമത്തിനുവേണ്ടി കഷ്ടതകൾ സഹിക്കും; ഞാൻ നിന്നെ ശക്തീകരിക്കും'' (http://www.gometropolis.org/orthodox-faith/feast-days/eustathius-the-great-martyr-his-wife-and-two-children-2/).

മേൽവിവരിച്ച സംഭവത്തിനുശേഷം ഒസ്താത്തിയോസും കുടുംബവും റോമിൽനിന്ന് പുറപ്പെട്ട് സാധാരണ ജനങ്ങളുടെ ഇടയിൽ ഒളിച്ചുപാർക്കുന്നതിനും ദൈവവേല ചെയ്യുന്നതിനും തീരുമാനിച്ച് യാത്രചെയ്ത് ഈജിപ്റ്റിലെത്തി. എന്നാൽ ഒരു കിരാതനായ മനുഷ്യൻ (ഒരു കപ്പൽ ഉടമ?) ഒസ്താത്തിയോസിന്റെ ഭാര്യയെ തട്ടിക്കൊണ്ടുപോകുകയും മക്കളെ വന്യമൃഗങ്ങൾ പിടിച്ചുകൊണ്ടുപോകുകയും ചെയ്തു. എന്നാൽ ആ ദുഷ്ട മനുഷ്യൻ മരിക്കുകയും ആട്ടിടയന്മാർ മക്കളെ വന്യമൃഗങ്ങളിൽ നിന്ന് രക്ഷിക്കുകയും ചെയ്തു.

ഒസ്താത്തിയോസ് ഈജിപ്റ്റിലെ വാടിസിസ് (ബഡാസ്സോസ്?) പട്ടണത്തിൽ ഒരു കൂലിപ്പണിക്കാനായി (പതിനഞ്ച്/അഞ്ച്?) വർഷം ജീവിച്ചു. പിന്നീട് റോമൻ സാമ്രാജ്യം ആക്രമിക്കപ്പെടുകയും പ്ലാസിഡിന്റെ അഭാവത്തിൽ പരാജയപ്പെടുകയും ചെയ്തു. എപ്പോഴും യുദ്ധത്തിൽ വിജയിച്ചിരുന്ന പ്ലാസിഡസിനെ അന്വേഷിച്ചു കണ്ടെത്തുന്നതിന് സൈനിക ഉദ്യോഗസ്ഥരെ നിയമിച്ചു. അതനുസരിച്ച് ഒസ്ത്താത്തിയോസിനെ കണ്ടെത്തുകയും ചക്രവർത്തിയുടെ അടുക്കൽ കൊണ്ടുവരികയും ചെയ്തു. ഒസ്താത്തിയോസ് പട്ടാളക്കാരെ ക്രമപ്പെടുത്തി യുദ്ധം ജയിച്ചു. റോമിലേക്ക് മടങ്ങുന്ന അവസരത്തിൽ ഭാര്യയെയും രണ്ടു മക്കളെയും കണ്ടെത്തുന്നതിനിടയായി. ട്രാജൻ ചക്രവർത്തി നിര്യാതനായതിനെ തുടർന്ന് ഹഡ്രിയാൻ (ഏ.ഡി. 117–138) ഭരണം നിർവ്വഹിച്ചു.

ഹഡ്രിയാൻ ചക്രവർത്തി ഒസ്താത്തിയോസിനെ വിളിച്ചുവരുത്തി ദേവന്മാർക്ക് ബലികഴിക്കുന്നതിനാവശ്യപ്പെട്ടു. ഒസ്താത്തിയോസ് വിസമ്മതിക്കുകയും താനൊരു ക്രിസ്ത്യാ

നിയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് ഒസ്താത്തിയോസിനെയും ഭാര്യയെയും രണ്ടു മക്കളെയും കഠിനമായ ദണ്ഡനങ്ങൾക്ക് വിധേയരാക്കി. അവരെ വന്യമൃഗങ്ങൾക്കിട്ടു കൊടുത്തെങ്കിലും അവ യാതൊരു ഉപദ്രവും ചെയ്തില്ല. പിന്നീട് ചുട്ടുപഴുത്ത ലോഹനിർമ്മിതമായ കാളയുടെ അകത്തിട്ട് കൊലചെയ്തു. അങ്ങനെ ഒസ്താത്തിയോസും ഭാര്യ തെയൊപിസ്റ്റയും ആൺമക്കളായ ആഗാപിറ്റസും തെയൊപിറ്റസും രക്തസാക്ഷിമരണം പ്രാപിച്ചു. എന്നാൽ മൂന്നുദിവസം കഴിഞ്ഞ് ആ ലോഹനിർമ്മിതമായ കാളയെ തുറന്നു നോക്കിയപ്പോൾ അവരുടെ ശരീരത്തിനൊ തലമുടിക്കൊ യാതൊരു കേടും സംഭവിച്ചില്ല. ഈ അത്ഭുതം കണ്ട നിരവധി പേർ ക്രിസ്തുമതം സ്വീകരിച്ചു. വിശ്വാസികൾ വിശുദ്ധരുടെ മൃതശരീരങ്ങൾ സംസ്കരിച്ചു. രക്തസാക്ഷികളായ ഒസ്താത്തിയോസിന്റെയും ഭാര്യ തെയൊപിസ്തയുടെയും മക്കളായ അഗാപിറ്റസിന്റെയും തെയോപിറ്റസിന്റെയും ഓർമ്മ സെപ്റ്റംബർ 21-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 14. വിശുദ്ധ ബിഷോയ്

**(ഏ.ഡി. 320 - 417)**

ഈജിപ്റ്റിൽ മെനൗഫിയ പ്രവിശ്യയിലെ ഷെൻഷാ എന്ന ചെറിയ ഗ്രാമത്തിലാണ് ബിഷോയ് ജനിച്ചത് (http://www.coptic.net/synexarion/Bishoy.txt; http://www.copticchurch.net/topics/synexarion/bishoy.html). ഏ.ഡി. 320ൽ ജനിച്ച ബിഷോയുടെ മാതാപിതാക്കൾ ഉത്തമജീവിതം നയിക്കുന്നവരായിരുന്നു. ബിഷോയ് (Bishoy or Bisve) എന്ന കോപ്റ്റിക് പദത്തിന് 'ഉന്നതനായ' എന്നാണർത്ഥം. 'കുറ്റമറ്റ ജീവിതം നയിക്കുന്നവൻ' എന്ന് വിളിക്കപ്പെടുവാൻ അർഹതയുള്ളവൻ ബിഷോയ് മാത്രമാണെന്ന് ആ പ്രദേശത്തുള്ളവർ കരുതിയിരുന്നു.

ബിഷോയിയുടെ മാതാവിന് ഒരു മാലാഖ പ്രത്യക്ഷപ്പെടുകയും മക്കളിൽ ബിഷോയിയെ ദൈവത്തിന്റെ ശുശ്രൂഷകനായി

തിരഞ്ഞെടുത്തിരിക്കുന്നു എന്ന് അറിയിക്കുകയും ചെയ്തു. മാതാവ് അത് സന്തോഷത്തോടെ സ്വീകരിക്കുകയും അതനുസരിച്ച് മകനെ ഒരുക്കുകയും ചെയ്തു. എ.ഡി. 340ൽ ബിഷോയ് വാഡി-അൽ-നേട്രം എന്ന പ്രദേശത്ത് പോയി സന്യാസിയായ പാംബോയുടെ (d. 385?) ശിഷ്യനാകുകയും മറ്റൊരു ശിഷ്യനായ യോഹന്നാനോടുകൂടെ താമസിക്കുകയും ചെയ്തു.

പാംബോ കാലംചെയ്തപ്പോൾ ബിഷോയിയും യോഹന്നാനും ദൈവനിയോഗത്തിനായി പ്രാർത്ഥിക്കുകയും ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് അവർ സന്യാസജീവിതം നയിക്കേണ്ട ദയറായുടെ സ്ഥാനം കാണിച്ചുകൊടുക്കുകയും ചെയ്തു. അവിടെ നിരവധി സന്യാസികൾ വന്നുകൂടുകയും ബിഷോയ് അവർക്ക് ആത്മീയ പിതാവായിത്തീരുകയും ചെയ്തു. കഠിന സന്യാസചര്യകൾക്കും ലളിത ജീവിതത്തിനും സ്നേഹത്തിനും ദയയ്ക്കുമെല്ലാം ബിഷോയ് പ്രശസ്തനായിത്തീർന്നു.

ഏകാന്തജീവിതവും നിശബ്ദതയും ഇഷ്ടപ്പെട്ടിരുന്ന ബിഷോയ് ബുദ്ധിമാനും എന്നാൽ ഗൗരവസ്വഭാവക്കാരുമായിരുന്നു. ദൈവത്തോടുള്ള സ്നേഹത്തെപ്രതി രാത്രിയിൽ ദീർഘമായ പ്രാർത്ഥനാവേളകളിൽ ഉറക്കത്തെ പ്രതിരോധിക്കുന്നതിനായി ബിഷോയ് തലമുടി ഒരു കയറിൽ കെട്ടി തന്റെ ഇടുങ്ങിയ മുറിയുടെ തട്ടിൽ ബന്ധിപ്പിക്കുമായിരുന്നു.

എ.ഡി. 407ൽ സ്കീറ്റിലെ ദയറാ ഒരു കൂട്ടം ബർബ്ബരൻമാർ ആക്രമിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ ബിഷോയ് ഏതാനും ശിഷ്യന്മാരോടുകൂടെ അന്റിനോപോലിസിൽ ചെന്ന് തമോയിയിലെ പൗലോസിനെ സന്ദർശിക്കുകയുണ്ടായി. അവരുടെ സ്നേഹം അത്രമാത്രം ഗാഢമായിരുന്നതിനാൽ തമ്മിൽ ഒരിക്കലും പിരിയില്ലെന്ന് ദൈവം അവരോട് വാഗ്ദാനം ചെയ്തു. അപ്രകാരം ബിഷോയുടെയും പൗലോസിന്റെയും തിരുശേഷിപ്പുകൾ വാഡി-അൽ-നേട്രത്തിലെ ബിഷോയുടെ ദയറായിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു. വിശുദ്ധ ബിഷോയുടെ ഓർമ്മ ജൂലൈ 2-ാം തീയതി സുറിയാനി സഭാ ആചരിക്കുന്നു.

# 15. വിശുദ്ധ അഗാപിറ്റസ് മെത്രാപ്പോലീത്ത

## (മൂന്ന്, നാല് നൂറ്റാണ്ട്)

ചക്രവർത്തിമാരായ ഡയോക്ലിഷ്യന്റെയും (ഏ.ഡി. 284-305) മാക്സിമിയന്റെയും (ഏ.ഡി. 305-311) കാലഘട്ടത്തിൽ കപ്പദോക്യയിലെ ക്രിസ്തീയ മാതാപിതാക്കളുടെ മകനായി അഗാപിറ്റസ് ജനിച്ചു. യുവാവായിരുന്നപ്പോൾ സന്യാസ ജീവിതത്തിനായി ആഗ്രഹിക്കുകയും ദയറായിൽ ചേരുകയും ചെയ്തു. ദയറായിൽ നോമ്പിലും പ്രാർത്ഥനയിലും ദയറായിലെ അന്തേവാസികളുടെ ശുശ്രൂഷകളിലും അഗാപിറ്റസ് വ്യാപൃതനായിരുന്നു.

അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിന് അഗാപിറ്റസിനെ നാഥൻ അനുഗ്രഹിച്ചിരുന്നു. ചക്രവർത്തിയായ ലിസിനിയസ് (ഏ.ഡി. 311-324) അഗാപിറ്റസിനെ അദ്ദേഹത്തിന്റെ ആഗ്രഹത്തിനെതിരായി പട്ടാളത്തിൽ ചേർത്തു (https://oca.org/saints/lives/2018/02/18/109054-martyr-agrippa-of-phrygia).

ലിസിനിയസ് ചക്രവർത്തി നിര്യാതനായശേഷം അഗാപിറ്റസിന് പട്ടാളസേവനത്തിൽനിന്ന് മോചനം ലഭിച്ചതിപ്രകാരമായിരുന്നു. മഹാനായ കുസ്തന്തീനോസ് ചക്രവർത്തി (ഏ.ഡി. 306-337) അഗാപിറ്റസിന്റെ പ്രാർത്ഥനയാൽ പലർക്കും രോഗസൗഖ്യം ലഭിച്ചുവെന്ന് അറിയുന്നതിനിടയായി. അസുഖമുണ്ടായിരുന്ന ഒരു ശുശ്രൂഷകനെ അഗാപിറ്റിന്റെ അടുക്കൽ അയക്കുകയും ആ ശുശ്രൂഷകൻ സൗഖ്യം പ്രാപിക്കുകയും ചെയ്തു. അതിന് അഗാപിറ്റസിന് ഒരു പാരിതോഷികം നൽകണമെന്ന് കുസ്തന്തീനോസ് ചക്രവർത്തി ആഗ്രഹിച്ചു. എന്നാൽ പാരിതോഷികം നൽകുന്നതിനു പകരമായി തന്നെ പട്ടാളസേവനത്തിൽനിന്ന് വിടുതൽനൽകി ദയറായിലേക്ക് അയച്ചാൽ മതിയെന്ന് അഗപിറ്റസ് ആവശ്യപ്പെട്ടു. അങ്ങനെയാണ് അഗാപിറ്റസ് ദയറായിലേയ്ക്ക് സന്തോഷത്തോടെ മടങ്ങാൻ ഇടയായത്.

ബിഥിനിയായിൽ സിനാവൂസിലെ മെത്രാപ്പോലീത്ത അഗാപിറ്റസ് സന്യാസിയെ വിളിച്ചുവരുത്തുകയും പുരോഹിതനാക്കുകയും ചെയ്തു. സീനാവൂസിലെ മെത്രാപ്പോലീത്ത കാലംചെയ്തപ്പോൾ അഗാപിറ്റസ് മെത്രാപ്പോത്താസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. സത്യവിശ്വാസത്തിൽ തന്റെ ആടുകളെ മേയിച്ചു ഭരിച്ച നല്ല ഇടയൻ തന്റെ പ്രാർത്ഥനയാൽ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും സമാധാനത്തോടെ കാലംചെയ്യുകയും ചെയ്തു.

## 16. രക്തസാക്ഷിയായ വിശുദ്ധ ജൂലിയാൻ

**(എ.ഡി. ? – 284?)**

വിജാതീയരായ മാതാപിതാക്കന്മാരുടെ മകനായ ജൂലിയാൻ എമീസ പട്ടണത്തിൽ (ആധുനിക ഹോംസ്, സിറിയ) മൂന്നാം നൂറ്റാണ്ടിൽ ജനിച്ചു. ജൂലിയാൻ (Julian or Ellian) ക്രിസ്തുമതം സ്വീകരിച്ചതിനാൽ മാതാപിതാക്കന്മാരുമായി ഭിന്നതയിലായിരുന്നു (http://full-of-grace-and-truth.blogspot.com/2010/02/st-julian-elian-martyr-and-unmercenary.html). വിശുദ്ധ സുവിശേഷത്തിലെ താലന്തുകളുടെ ഉപമയെ സംബന്ധിച്ചുകേട്ടപ്പോൾ മറ്റുള്ളവരുടെ നന്മയ്ക്കായി സ്വന്തം താലന്തുകൾ വിനിയോഗിക്കുന്നതിന് ജൂലിയാൻ തീരുമാനിച്ചു.

യേശുക്രിസ്തുവിൽ പ്രത്യാശവച്ചിരുന്നതിനാൽ ജൂലിയാൻ ഈ താൽക്കാലിക ലോകത്തിന്റെ ഇമ്പങ്ങളാൽ പ്രലോഭിപ്പിക്കപ്പെട്ടിരുന്നില്ല. രാവും പകലും പ്രാർത്ഥനയിലും ഉപവാസത്തിലും തടവിലിരിക്കുന്നവരെ സന്ദർശിച്ച് ആശ്വസിപ്പിക്കുക എന്നീ കാര്യങ്ങളിലും വ്യാപൃതനായിരുന്നു. വൈദ്യം പഠി

ച്ചിരുന്നതിനാൽ വൈഭവത്തോടെ ചികിത്സ ചെയ്യുകയും ആത്മശരീര രോഗങ്ങൾക്ക് ക്രിസ്തുവിന്റെ കാരുണ്യത്താൽ സൗഖ്യം നൽകുകയും ചെയ്തിരുന്നു. യേശുക്രിസ്തുവിന്റെ നാമത്തിലാണ് സൗഖ്യം ലഭിക്കുന്നതെന്നും മരുന്നുകൊണ്ടോ നിത്യശിക്ഷയ്ക്ക് അർഹമായ വിഗ്രഹങ്ങളെ വന്ദിക്കുന്നതു കൊണ്ടോ അല്ല, പ്രത്യുത യെരുശലേമിൽ പൊന്തിയോസ് പിതാവിന്റെ കാലത്ത് യഹൂദന്മാരാൽ ക്രൂശിക്കപ്പെടുകയും കബറടക്കപ്പെടുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുക യും ചെയ്ത യേശുക്രിസ്തുവിന്റെ നാമത്തിലുള്ള ശക്തിയാ ലാണെന്ന് ജൂലിയാൻ പ്രസംഗിച്ചു. സ്നേഹിതരായ മറ്റ് വൈ ദ്യന്മാർ ക്രിസ്ത്യാനികളായിരുന്നില്ല. അവർക്ക് ജൂലിയാന്റെ കഴിവിൽ അസൂയയുണ്ടായി. യേശുക്രിസ്തുവിന്റെ നാമത്തിൽ സൗഖ്യമാക്കുന്നത് തടയുന്നതിന് അവർ ജൂലിയാന്റെ പിതാ വിനോട് ആവശ്യപ്പെട്ടു. എന്നാൽ ജൂലിയാൻ അവരെയോ അവന്റെ പിതാവിനെയോ കേൾക്കുന്നതിന് വിസമ്മതിച്ചു.

ക്രിസ്ത്യാനികളെ പീഢിപ്പിക്കുന്നതിന് റോമൻ ഗവർണർമാർക്ക് ഉത്തരവു ലഭിച്ചിരുന്നു. ജൂലിയാന്റെ പിതാവ് പട്ടണത്തിലെ ഒരു ഉന്നത ഉദ്യോഗസ്ഥനായിരുന്നു. അതിനാൽ ഹോംസിലെ (സിറിയ) മെത്രാപ്പോലീത്തയായ സിൽവാനോ സിനെയും ശെമ്മാശനായ ലൂക്കോസിനെയും വായനക്കാരനായ മോക്കിമോസിനെയും അറസ്റ്റ് ചെയ്തു. അവരെ കഠിനമായി ഉപദ്രവിച്ചു. ക്രിസ്ത്യാനികളെ ഭയപ്പെടുത്തുന്നതിനായി അവരെ മൂന്നുപേരെയും ഒരു രഥത്തിനു പുറകിൽകെട്ടി പട്ടണത്തിലൂടെ വലിച്ചിഴച്ചു. അവരെ അടിക്കുകയും ഉപദ്രവിക്കുകയും ചെയ ്തു. ജൂലിയാൻ അവരെ തടവറയിൽ സന്ദർശിക്കുകയും അവ രുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്തു. ആയതിനാൽ ജൂലിയാനെ അറസ്റ്റ് ചെയ്ത് പിതാവിനു മുമ്പിൽ ഹാജരാക്കി. പിതാവ് ജൂലിയാനെ ഗവർണർക്ക് കൈമാറി. ജൂലിയാൻ സിൽവാനോസിനെയും കൂടെയുണ്ടായിരുന്ന ലൂക്കോസിനെയും മോക്കിമോസിനെയും വധിക്കുന്നതിന് സാക്ഷിയായി. അവരെ വധിക്കുന്ന സമയത്ത് ജൂലിയാൻ ദൈവത്തോട് പ്രാർത്ഥിച്ചു. ആ സമയത്ത് ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: ‘‘ജൂലിയാനെ നീ വിലപിക്കേണ്ട, ഒരു കിരീടം നിനക്കായി ഒരുക്കിയിരിക്കുന്നു. നീ നിന്റെ ശത്രുക്കളെയും പിശാചിന്റെ തന്ത്രങ്ങളെയും കീഴ്പെടുത്തും. അവരുടെ പീഢനങ്ങളെ നീ ഭയപ്പെടേണ്ട, എന്തെന്നാൽ ഞാൻ നിന്നോടുകൂടെയുണ്ട്.’’

പിന്നീട് പിതാവ് ജൂലിയാനെ ഒരു കുതിരയെക്കൊണ്ട് പട്ടണത്തിലൂടെ കെട്ടിവലിച്ചിഴച്ചു (http://www.antiochianarch.org.au/stJulian.aspx).

തുടർന്ന് മാസങ്ങളോളം ജൂലിയാനെ പീഡിപ്പിച്ചെങ്കിലും സത്യവിശ്വാസം ത്യജിക്കുന്നതിന് തയ്യാറായില്ല. മാത്രമല്ല തന്നെ ഉപദ്രവിച്ചവരെയെല്ലാം ക്രിസ്തുവിങ്കലേക്കാനയിച്ചു. ഒടുവിൽ ഇരുമ്പുസാധനങ്ങൾ ഉണ്ടാക്കുന്നവരെക്കൊണ്ട് വലിയ നീണ്ട ആണി ഉണ്ടാക്കി ജൂലിയാന്റെ തലയിലും കാലുകളിലും അടിച്ചുകയറ്റി. ആ പീഡകർ പോയപ്പോൾ ജൂലിയാൻ ഇഴഞ്ഞ് ഒരു കുശവന്റെ ഗുഹയിലെത്തി. കുശവൻ ഗുഹയിൽ വന്നപ്പോൾ ജൂലിയാന്റെ മൃതശരീരം കാണുകയും രാത്രിയിൽ അതെടുത്ത് അപ്പോസ്തോലന്മാരുടെയും വി. ബർബാറയുടെയും നാമത്തിലുള്ള പള്ളിയുടെ മദ്ബഹായുടെ കിഴക്കുവശത്ത് കബറടക്കുകയും ചെയ്തു. വിശുദ്ധ ജൂലിയാൻ ഏ.ഡി. 284 ഫെബ്രുവരി 6-ാം തീയതി തന്റെ ആത്മാവിനെ കർത്താവിങ്കൽ ഭരമേൽപ്പിച്ചു.

പിന്നീട് ജൂലിയാന്റെ മൃതശരീരം കണ്ടെത്തിയ ഗുഹയുടെ സ്ഥാനത്ത് വിശുദ്ധ ജൂലിയാന്റെ നാമത്തിൽ ഒരു പള്ളി പണിയുകയും ജൂലിയാന്റെ ഭൗതിക ശരീരം ഒരു മാർബിൾ പേടകത്തിൽ അവിടെ സൂക്ഷിക്കുകയും ചെയ്തു. അനേകം അത്ഭുതങ്ങൾ വിശുദ്ധ ജൂലിയാന്റെ മദ്ധ്യസ്ഥതയാൽ ഇന്നും നടന്നുകൊണ്ടിരുന്നു. വി. ജൂലിയാന്റെ ഓർമ്മ സുറിയാനി സഭ ഫെബ്രുവരി 7-ാം തീയതി ആചരിക്കുന്നു.

## 17. ഈജിപ്റ്റിലെ വിശുദ്ധ പോമെൻ

**(ഏ.ഡി. 340 - 450?)**

ഈജിപ്റ്റിലെ സന്യാസിയായിരുന്ന പോമെൻ ഉദ്ദേശം ഏ. ഡി. 340ൽ ജനിച്ചു. പോമെൻ എന്ന പദത്തിന്റെ അർത്ഥം 'ആട്ടിടയൻ' എന്നാണ്. ആദ്യകാല മരുഭൂമിയിലെ സന്യാസിമാരിൽ ഏറ്റവും അധികം

രേഖപ്പെടുത്തപ്പെട്ട ഉദ്ധരണികൾ ഇദ്ദേഹത്തിന്റേതാണ്. ഈ ഉദ്ധരണികൾ *Sayings of the desert fathers* എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സ്കീറ്റിലെ (ഈജിപ്റ്റ്) ദയറായിലാണ് പോമെൻ താമസിച്ചിരുന്നത്. ക്രിസ്തീയ സന്യാസത്തിന്റെ ആദ്യകേന്ദ്രമാണ് സ്കീറ്റ്. എ.ഡി. 407ൽ കവർച്ചക്കാർ ദയറാ ആക്രമിക്കുകയും ദയറാക്കാർ ചിതറിപോകുകയും ചെയ്തു. തുടർന്ന് നൈൽ നദിക്ക് സമീപമുള്ള ടെറനുത്തീസ് എന്ന സ്ഥലത്തേക്ക് പോമെനും കുറച്ച് സന്യാസികളും പോകുകയുണ്ടായി (https://infogalactic.com/info/Poemen).

സ്കീറ്റിൽനിന്നും പുറപ്പെട്ടുപോന്നശേഷം പോമെൻ സന്യാസിയും കൂടെയുണ്ടായിരുന്ന സംഘവും ആദ്യം താമസിച്ചിരുന്നത് ഉപേക്ഷിക്കപ്പെട്ട ഒരു ക്ഷേത്രത്തിലാണ്. സ്കീറ്റിലെ നിരവധിയായ കവർച്ചകൾ മരുഭൂമിയിലെ സന്യാസത്തിനു തന്നെ ഒരു വഴിത്തിരിവായിരുന്നു. ചിതറിപ്പോയ പോമെനും സമൂഹവും സ്കീറ്റിലെ സന്യാസശ്രേഷ്ടന്മാരുടെ ജ്ഞാനം രേഖപ്പെടുത്തുകവഴി ലഭ്യമായ ഗ്രന്ഥമാണ് - *Sayings of the desert fathers*.

മരുഭൂമിയിലെ ഒരു സന്യാസി എന്നതിനേക്കാൾ ബുദ്ധിമാനായ ഒരു ഇടയനായിരുന്നു പോമെൻ. മറ്റുള്ളവരുടെ ബലഹീനതയെ സഹിക്കുന്നതിൽ ഉത്തമ മാതൃകയായിരുന്നു പോമെൻ. ഒരിക്കൽ, പ്രാർത്ഥനാസമയത്തു ഉറങ്ങുന്ന സന്യാസികളെ എന്തു ചെയ്യണമെന്ന് ആരാഞ്ഞുകൊണ്ട് ഉപദേശം ചോദിക്കുന്നതിനായി ചില സന്യാസിമാർ പോമന്റെ അടുക്കൽ വന്നു. പോമന്റെ അടുക്കൽ വന്ന സന്യാസിമാരുടെ താൽപര്യം, ഉറങ്ങുന്ന സന്യാസിമാരെ ഉണർത്തുക എന്നതായിരുന്നു. എന്നാൽ പോമെൻ പറഞ്ഞു: ‘‘മയങ്ങുന്ന സന്യാസിയായ സഹോദരനെ കണ്ടാൽ ഞാൻ അദ്ദേഹത്തിന്റെ തല എന്റെ കാൽ മുട്ടുകളിൽ താങ്ങി വിശ്രമിക്കുന്നതിന് അനുവദിക്കും.’’ കുരണാർദ്രനായ പോമെൻ ആത്മീയമായ വീഴ്ച വരുത്തുന്നവർക്ക് കഠിനമായ ശിക്ഷകൊടുക്കുന്നതിനെ എതിർത്തിരുന്നു.

കേൾവിക്കാരിൽ ശക്തമായ സ്വാധീനം ചെലുത്തുന്നതിന് കഴിവുണ്ടായിരുന്ന ഒരു പ്രഭാഷകനാണ് പൊമെൻ എങ്കിലും പ്രസംഗത്തേക്കാൾ ഉത്തമ മാതൃകയിലൂടെയായിരുന്നു അദ്ദേഹം പഠിപ്പിച്ചിരുന്നത്. ഒരിക്കൽ പോമെനെ സന്ദർശിച്ച

ഒരു സന്യാസി ചോദിച്ചു: ''തന്നോടുകൂടെ താമസിക്കുന്ന സഹോദരന്മാരുടെ അധികാരിയെന്ന നിലയിലാണോ ഞാൻ പെരുമാറേണ്ടത്.'' പോമെൻ മറുപടിയായിട്ട് പറഞ്ഞു: ''അല്ല, അവർക്ക് മാതൃകയാകണം; അവരുടെ നിയമനിർമ്മാതാവാക രുത്.'' മറ്റുള്ളവരെ വിധിക്കുക എന്നത് അദ്ദേഹത്തിന് അന്യ മായിരുന്നു. ഒരിക്കൽ പോമെൻ പറയുകയുണ്ടായി ഒരു മനു ഷ്യൻ കാഴ്ചയിൽ നിശബ്ദനാണെങ്കിലും അവന്റെ ഹൃദയം മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നുവെങ്കിൽ അവൻ നിരന്തരമായി ജൽപനം ചെയ്യുന്നവനാണ്. മരുഭൂമിയിലെ സന്യാസിമാരുടെ (വിജ്ഞാന) മൊഴികളിൽ ഏഴിലൊരു ഭാഗവും പോമെന്റേതാ ണ്. *പിതാക്കന്മാരുടെ പറുദീസ* എന്ന ഗ്രന്ഥത്തിലും പോമെന്റെ മൊഴികളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

പോമെന്റെ ഏതാനും മൊഴികൾ താഴെ കൊടുത്തിരിക്കുന്നു. നിങ്ങളുടെ മനസ്സിനെ തൃപ്തിപ്പെടുത്താൻ കഴിയാത്തതിനൊ ന്നിനും നിങ്ങളുടെ മനസ്സ് കൊടുക്കരുത്. നിങ്ങൾ നിശബ്ദനാ ണെങ്കിൽ നിങ്ങൾ പോകുന്നിടത്തെല്ലാം നിങ്ങൾക്ക് സമാധാനം ഉണ്ടാകും. ഒരിക്കൽ ഭക്ഷണം കഴിക്കാതെ ക്ഷീണിതനായ ഒരാൾ ക്ഷുഭിതനായതറിഞ്ഞ പോമെൻ പറഞ്ഞു: ''ആറു ദിവസം ഭക്ഷണം ഉപേക്ഷിച്ച് ജീവിക്കാൻ സാധിച്ചു എന്നാൽ ദ്വേഷത്തെ പുറത്തുകളയാൻ സാധിച്ചില്ല'' (http://www.omhksea.org/2012/08/abba-poemen-brief-life-and-sayings). ഒരിക്കൽ ഐസക്ക് എന്ന സന്യാസി, പോമെനെ കാണുന്നതിന് വന്നു. ആ സമയത്ത് പോമെൻ കാലുകൾ കഴുകുകയായിരുന്നു. ചോദിക്കുന്നതിന് സ്വാതന്ത്ര്യവും അടുപ്പവുമുണ്ടായിരുന്ന ഐസക് സന്യാസി ചോദിച്ചു: ''മറ്റുള്ളവർ കഠിനസന്യാസവ്യതവും ശരീരത്തെ പരുഷ മായി കൈകാര്യം ചെയ്യുകയും ചെയ്യുമ്പോൾ താങ്കൾ എന്താ ണിങ്ങനെ ചെയ്യുന്നത്?'' പോമെൻ മറുപടിയായി പറഞ്ഞു: ''ജഡവികാരങ്ങളെ കൊല്ലുന്നതിനാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്; ശരീരത്തെ കൊല്ലുവാനല്ല.''

ഒരുവന്റെ പാപത്തെക്കുറിച്ചുള്ള അനുതാപമാണ് ദൈവിക മായ വഴിയിലൂടെയുള്ള യാത്രയുടെ ആരംഭം. തിന്മയ്ക്കെതിരെ നിലകൊള്ളുമ്പോൾ നാം നന്മ ചെയ്യുന്നതിനാരംഭിക്കുകയും ദൈവഇഷ്ടം നിവൃത്തിക്കുന്നതിന് തുടക്കം കുറിക്കുകയും ചെയ്യും. നാം അനുതപിക്കാതിരിക്കുകയും നമ്മുടെ പാപ കരമായ പ്രവർത്തികളെ തിരിച്ചറിയാതിരിക്കുകയും ചെയ്യുമ്പോൾ

ദൈവഇഷ്ടത്തിനെതിരായി നാം യാത്ര ചെയ്യുകയും ചെയ്യുന്നു. അതുകൊണ്ടാണ് നാം പലപ്പോഴും ദൈവത്തിൽനിന്ന് വേർപിരിഞ്ഞുപോകുന്നത്. ഇതിനുള്ള കഠിന പ്രയത്നമെന്നത് നമ്മുടെ ചിന്തകളുമായുള്ള പോരാട്ടമാണ്. ദൈവ ഇഷ്ടത്തിനെതിരായ പ്രലോഭനങ്ങളുമായി മത്സരിക്കുന്നതിനും സൂക്ഷ്മതയോടെ ജീവിക്കുന്നതിനും നാം എപ്പോഴും സന്നദ്ധമായിരിക്കണം (http://orthodoxwayoflife.blogspot.com/2011/08/saint-poemen-on-beginning-of-spiritual.html).

ചിന്തകളെ പൂർണ്ണമായി നീക്കികളയുക എന്നത് അസാദ്ധ്യമാണ് എന്നാൽ അവയെ പ്രതിരോധിക്കുവാനും കുറയ്ക്കുവാനും നമുക്ക് സാധിക്കും. ഇതെങ്ങനെ സാധിക്കും? പോമെൻ പറയുന്നു: ‘‘നിങ്ങൾക്കാവശ്യം ആത്മനിയന്ത്രണമുള്ള ഒരു മനസ്സാണ്’’. പാപചിന്തകളും പ്രലോഭനങ്ങളും ഉദ്ദീപ്പിക്കുന്ന സ്ഥലങ്ങൾ വ്യക്തികൾ സാഹചര്യങ്ങൾ എന്നിവ ഒഴിവാക്കുക എന്നതാണ് ഇതിനുള്ള ഒരു മാർഗ്ഗം. ശരിയല്ലെന്ന് നിനക്കു ബോധ്യമുള്ള കാര്യങ്ങൾ ചെയ്യുന്നതിന് നിരന്തരം നിന്നെ പ്രേരിപ്പിക്കുന്ന ഒരു വ്യക്തിയോട് നീ ചങ്ങാത്തം നിലനിർത്തുന്നതെന്തിനാണ്? ഒരിക്കലും പറയരുതെന്ന് നീ ആഗ്രഹിക്കുന്ന കാര്യങ്ങൾ പറയാനിടയാകുന്ന ചൂടുപിടിച്ച ചർച്ചകളിലും വിവാദങ്ങളിലും നീ ഉൾപ്പെടുന്നതെന്തിനാണ്? ഇതുപോലുള്ള പ്രലോഭനങ്ങളും പാപചിന്തകളും ഒഴിവാക്കുന്നതിന് പ്രവർത്തിക്കണം. അതോടൊപ്പം പ്രാർത്ഥന, അനുതാപം, ദിവ്യബലിയിലുള്ള സംബന്ധം എന്നിവ നിന്നെ ദൈവത്തോട് അടുപ്പിക്കും. സൗഖ്യം എങ്ങനെ സാധ്യമാകും എന്നത് സ്പഷ്ടമാണ്. എന്നാൽ എളുപ്പമല്ല. നമ്മുടെ മനസ്സിനെ പരിശീലിപ്പിച്ച് പ്രലോഭനങ്ങളെ ഒഴിവാക്കുക എന്നതാണ് അതിനുള്ള മാർഗ്ഗം. സന്യാസപ്രമുഖനായ പോമെന്റെ ഓർമ്മ ജൂലൈ 27-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 18. അറിയിപ്പുകാരിൽ ഒരുവനായ വിശുദ്ധ ശീലാസ്

**(ഏ.ഡി.? - 50)**

വിശുദ്ധ ശീലാസ് റോമിൽ ജനിച്ചുവെന്ന് കരുതപ്പെടുന്നു. അപ്പോസ്തോലനായ പൗലോസ് ശ്ലീഹായോടുകൂടെ സുവിശേഷവേലയിൽ വ്യാപൃതനാകുകയും പൗലോസ് ശ്ലീഹായോടുകൂടെ സഞ്ചരിക്കുകയും ചെയ്തു. അപ്പോസ്തോല പ്രവൃത്തികളിൽ (അപ്പോ. പ്ര. 15:22,32) പരാമർശിക്കുന്ന ശീലാസും; 2 കൊരി.1:19, 1 തെസ്സ. 1:1, 2 തെസ്സ. 1:1; 1പത്രോസ് 5:12 എന്നീ വാക്യങ്ങളിൽ പരാമർശിക്കുന്ന സിൽവാനോസും ഒരേ വ്യക്തിയാണെന്ന അഭിപ്രായമുണ്ട് (https://www.britannica.com/biography/Saint-Silas). ശീലാസ് യെരുശലേമിലെ സഭയിലെ ഒരു മൂപ്പനായിരുന്നു ഇദ്ദേഹത്തിന്റെ പേരിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹം ഗ്രീക്കുകാരനായ ഒരു യൂഹദനായിരുന്നിരിക്കാം എന്നനുമാനിക്കാം. എന്നാൽ റോമാപൗരന്റെ അവകാശങ്ങളുള്ള വ്യക്തിയായിരുന്നു ശീലാസ് എന്നതിന് തെളിവുണ്ട് (അപ്പോ. പ്രവ. 16:35-39).

രണ്ടാം മിഷനറിയാത്രയിൽ പൗലോസിനോടുകൂടെ ചേരുന്നതുവരെ ശീലാസ് അന്ത്യോഖ്യായിൽ തന്നെയായിരുന്നിരിക്കാം താമസിച്ചത്. ശീലാസ് പൗലോസിനോടുകൂടെ യാത്രചെയ്ത് സിറിയ, കിലികൃ എന്നിവിടങ്ങളിലെ സഭകളെ ശക്തിപ്പെടുത്തി. അവർ ഡർബിയിൽ നിന്ന് ലൂസ്ത്രയിലേക്കും അവിടെവച്ച് തിമൊഥിയോസിനോടുകൂടെ കൂടുകയും ചെയ്തു. തുടർന്ന് ഗലാതൃ, ട്രാവേസ് എന്നിവടങ്ങളിലും അവിടെനിന്ന് മാസിഡോണിയയിലേക്കും (കപ്പലിൽ) യാത്രചെയ്തു.

പൗലോസ് ശ്ലീഹായും ശീലാസും പ്രാർത്ഥനാലയത്തിലേക്കു പോകുമ്പോൾ 'ഭാവി പറയുന്ന' പൈശാചിക ആത്മാവുള്ള ഒരു അടിമയായ പെൺകുട്ടിയിൽനിന്ന് ദുരാത്മാവിനെ പുറത്താക്കി. ഇതിൽ കുപിതനായ പെൺകുട്ടിയുടെ യജമാനൻ പൗലോസിനെയും ശീലാസിനെയും തടവിലാക്കുകയും അടിക്കുകയും ചെയ്തു (അപ്പോ. പ്രവ. 16:19-24). പുറത്തുവന്ന

ശേഷം അവർ തെസ്സലോനിക്യയിലേക്കു പോയി. പൗലോസ് ശ്ലീഹാ ആതൻസിലേക്ക് പോകുകയും ശീലാസ് തീമോഥി യോസിനോടുകൂടെ ബെറുവയിൽ തന്നെ താമസിക്കുകയും ചെയ്തു. ശീലാസ് കൊരിന്തിൽവച്ച് പൗലോസ് ശ്ലീഹായോ ടുകൂടെ ചേർന്നു (അപ്പോ.പ്ര. 18:1).

ശീലാസ് കൊരിന്തിലെ ആദ്യത്തെ മെത്രാപ്പോലീത്തയാ യിരുന്നുവെന്നും മാസിഡോണിയിൽവച്ച് കാലം ചെയ്തുവെ ന്നും കരുതപ്പെടുന്നു.

# 19. രക്തസാക്ഷിയായ ഉർബാനോസ്

## (ഒന്നാം നൂറ്റാണ്ട്)

വിശുദ്ധ ഉർബാനോസ് എഴുപത്തിരണ്ട് അറിയിപ്പുകാരിൽ (ലൂക്കൊ. 10:1) ഒരുവനാണ്. ഉർബാനോസ് മാസിഡോണി യയിലെ മെത്രാപ്പോലീത്തയായി വിശുദ്ധ അന്ത്രയോസ് ശ്ലീഹായാൽ നിയമിക്കപ്പെട്ടു. 'മശിഹായിൽ ഞങ്ങളോടൊത്ത് വേലചെയ്തവനായ ഉർബാനോസ്' എന്നാണ് പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ പരാമർശിക്കുന്നത് (റോമ. 16:9). മാസിഡോണിയ സമ്പന്നമായ പാരമ്പര്യങ്ങളാലും സാഹിത്യപ രവും കലാപരവുമായ സംഭാവനകളാലും പരിഷ്കൃത ലോകം മുഴുവനിലും അറിയിപ്പെടുന്ന പ്രദേശമാണ് (http://pemptousia. com/2017/10/october-31-the-life-of-st-stachys/).

നൂറ്റാണ്ടുകളായി വിശ്വാസത്തെ സംബന്ധിക്കുന്ന അതി സങ്കീർണ്ണമായ സാങ്കേതികജ്ഞാനം കൈമുതലാക്കിയ മാ സിഡോണിയക്കാരുടെ വിശ്വാസപരമായ ആശയങ്ങളെ പുറ ത്താക്കുക എന്ന ദൗത്യം നിർവ്വഹിച്ച് ക്രിസ്ത്യാനികളാക്കുക എന്നതായിരുന്നു ഉർബാനോസിന്റെ ജോലി. ഉർബാനോസ് മാസിഡോണിയയിൽ ഒരു ഉത്തമ മാതൃക കാണിച്ചുകൊടുത്തു എന്നാൽ പുറജാതിക്കാരുടെ പകപ്പോക്കലിൽനിന്ന് രക്ഷപെ ടുന്നതിന് ഉർബാനോസിന് കഴിഞ്ഞില്ല. ഉർബോനോസ് ക്രിസ് തുവിനുവേണ്ടി രക്തസാക്ഷിയായി ഉർബാനോസിന്റെ ഓർമ്മ സുറിയാനി സഭ സെപ്റ്റംബർ 7-ാം തീയതി ആചരിക്കുന്നു.

# 20. അറിയിപ്പുകാരിൽ ഒരുവനായ അർക്കിപ്പോസ്

## (ഒന്നാം നൂറ്റാണ്ട്)

അപ്പോസ്തോലനായ പൗലോസ് ശ്ലീഹായുടെ ശിഷ്യനും സഹചാരിയുമായിരുന്നു അർക്കിപ്പോസ് (https://oca.org/saints/lives/2017/02/19/100557-martyr-archippus-of-the-seventy-apostles). പൗലോസ് ശ്ലീഹാ കൊലെസ്സ്യർക്കെഴുതിയ ലേഖനത്തിൽ – അർക്കിപ്പോസിനോട് 'കർത്താവിൽനിന്നും നീ സ്വീകരിച്ച ശുശ്രൂഷ നിറവേറ്റുവാൻ തക്കവണ്ണം ശ്രദ്ധിക്കണം' എന്ന് നിങ്ങൾ പറയണം (കൊലൊ. 4:17) എന്ന് ഉൽബോധിപ്പിക്കുന്നതായി കാണാം. പൗലോസ് ശ്ലീഹാ ഫിലമോനെഴുതിയ ലേഖനത്തിൽ (ഫില. 1:2) 'ഞങ്ങളുടെ കുട്ടുവേലക്കാരനായ അർക്കിപ്പോസിനും' എന്ന് പരാമർശിച്ചിരിക്കുന്നു.

ഫ്രിജിയായിലെ കൊലോസ്യ പട്ടണത്തിന്റെ മെത്രാപ്പോലീത്തയായിരുന്നു അർക്കിപ്പോസ്. ഫിലമോൻ ആ പട്ടണത്തിലെ ഒരു പൗരമുഖ്യനായിരുന്നു. ആരാധനയ്ക്കായി ക്രിസ്ത്യാനികൾ ഫിലമോന്റെ ഭവനത്തിലാണ് ഒന്നിച്ചുകൂടിയിരുന്നത്.

നീറോ ചക്രവർത്തിയുടെ പീഡയുടെ കാലത്ത് (ഏ. ഡി. 54–68) പുറജാതികളുടെ ഒരു ഉത്സവദിവസം സഭ ഫിലമോന്റെ ഭവനത്തിൽ സമ്മേളിച്ചപ്പോൾ പുറജാതിക്കാർ ഈ വിവരം അറിയുകയും അവരുടെ ഭവനം ആക്രമിക്കുകയും അർക്കിപ്പോസിനേയും ഫിലമോനെയും വത്സലയായ അപ്പിയായെയും ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനാൽ ഭരണാധികാരിയുടെ (അർറ്റൊക്ലസ്) മുമ്പാകെ കൊണ്ടുവരികയും ചെയ്തു. അവരെ ചാട്ടവാറുകൊണ്ടടിക്കുകയും അരയ്ക്കൊപ്പം മണ്ണിൽ കുഴിച്ചിട്ട് കല്ലെറിയുകയും ചെയ്തു. ഫിലമോനും വത്സലയായ അഫിയായും രക്തസാക്ഷിമരണം പ്രാപിച്ചു. ഈ ക്രൂരതയിൽനിന്ന് കഷ്ടിച്ച് രക്ഷപെട്ട അർക്കിപ്പോസിനെ പുറത്തെടുത്ത് കുട്ടികളുടെ വിനോദത്തിനും കത്തികൊണ്ട് കുത്തുന്നതിനുമായി ഉപേക്ഷിക്കുകയും ചെയ്തു. ഒടുവിൽ അർക്കിപ്പോസും രക്തസാക്ഷിമരണം പ്രാപിച്ചു (https://or-

thodoxwiki.org/Apostle_Archippus). രക്തസാക്ഷിയായ അർക്കിപോസിന്റെ ഓർമ്മ സുറിയാനി സഭ ഫെബ്രുവരി 20-ാം തീയതി ആചരിക്കുന്നു.

## 21. അറിയിപ്പുകാരിൽ ഒരുവനായ ദീമാസ്

### (ഒന്നാം നൂറ്റാണ്ട്)

ദീമാസ് തെസ്സലോനിക്യയിൽനിന്നുള്ള ഒരു പുറജാതിക്കാരനാണെന്ന് കരുതപ്പെടുന്നു (http://www.biblearchaeology.org/post/2013/08/15/Demas-Lover-of-This-Present-World.aspx#Article; http://www.orthodox.net/saints/70apostles.html). അപ്പോസ്തോലനായ പൗലോസാണ് ദീമാസിനെ ദൈവികമാർഗ്ഗത്തിൽ പരിശീലിപ്പിച്ചത്. അപ്പോസ്തോലനായ പൗലോസ് കൊലൊസ്സ്യ ലേഖനത്തിൽ ദീമാസിനെ പരാമർശിച്ചിട്ടുണ്ട്. ''നമ്മുടെ വത്സസല വൈദ്യനായ ലൂക്കോസും, ദീമാസും നിങ്ങൾക്ക് സമാധാനം ആശംസിക്കുന്നു'' (കൊലൊ 4:14). ഫിലമോനെഴുതിയ ലേഖത്തിലും സമാനമായ ഒരു പ്രതിപാദനമുണ്ട്. ''. . . എന്റെ സഹായകനായ മർക്കോസും, അരിസ്തർക്കോസും, ദീമാസും, ലൂക്കോസും നിങ്ങൾക്ക് സമാധാനം ആശംസിക്കുന്നു'' (ഫിലമോൻ 1:24). ദീമാസ് ഒരു യഥാർത്ഥ വിശ്വാസിയായിരുന്നില്ലെന്ന് പൗലോസ് ശ്ലീഹായുടെ എഴുത്തുകളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ''ദീമാസ് ഈ ലോകത്തെ സ്നേഹിച്ച് എന്നെ ഉപേക്ഷിച്ച് തെസ്സലോനിക്യയിലേക്ക് പോയി (2 തിമൊഥി 4:10).

# 22. എഫേസോസിലെ മെത്രാപ്പോലീത്തയായ വിശുദ്ധ ഗായോസ്

### (ഒന്നാം നൂറ്റാണ്ട്)

ഏ.ഡി. 53ൽ അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ എഫേസോസ് സന്ദർശിക്കുമ്പോൾ അവിടെ മുന്നൂറ് വർഷത്തിലധികമായി നിവസിച്ചുകൊണ്ടിരുന്ന ഒരു യഹൂദ സമൂഹമുണ്ടായിരുന്നു (https://www.revolvy.com/topic/Metropolis-of-Ephesus). പൗലോസ് ശ്ലീഹാ ഏ.ഡി. 54ൽ മൂന്നാം മിഷനറി യാത്രക്ക് പുറപ്പെടുകയും എഫേസോസിൽ രണ്ടുവർഷത്തോളം താമസിച്ച് ഗ്രീക്കുകാരായ യഹൂദന്മാരെയും പുറജാതികളെയും ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുകയും ചെയ്തു.

യെരുശലേമിലെ സഭയെ അഗ്രിപ്പ (ഏ.ഡി. 37–44) ഉപദ്രവിച്ച കാലഘട്ടത്തിൽ യോഹന്നാൻ ശ്ലീഹാ (ഏ.ഡി. 3?–100?) എഫേസോസിൽ വന്നെത്തിയതായി പാരമ്പര്യമായി വിശ്വസിച്ചുവരുന്നു. ഡൊമീഷ്യൻ (ദൊമിത്തിയോസ്) ചക്രവർത്തി (ഏ. ഡി. 81–96) യോഹന്നാൻ ശ്ലീഹായെ അറസ്റ്റു ചെയ്തതായി ചരിത്ര രേഖകളുണ്ട്. പിന്നീട് എഫേസോസിലേക്ക് മടങ്ങി വരികയും അവിടെവച്ച് സുവിശേഷം എഴുതിയതായും കരുതപ്പെടുന്നു. വിശുദ്ധ കന്യകമറിയം എഫേസോസിൽ യോഹന്നാൻ ശ്ലീഹായോടുകൂടെ താമസിച്ചിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ഗായോസ് (Gaius or Gaios) തിമോഥിയോസിനുശേഷം എഫേസോസിലെ മെത്രാപ്പോലീത്തയായിരുന്നു. ‘‘എനിക്കും സഭയ്ക്കും മുഴുവനും ആതിഥ്യം നൽകുന്ന ഗായോസ് നിങ്ങൾക്ക് സമാധാനം ചൊല്ലുന്നു’’ (റോമ. 16:23) എന്ന് പൗലോസ് അറിയിക്കുന്നതായി കാണാം. മക്കദോന്യക്കാരനായ ഗായോസ് (അപ്പോ. പ്രവ. 19:25–29) പൗലോസ് ശ്ലീഹായോടുകൂടെ ഉദ്ദേശം ഏ.ഡി. 54ൽ എഫേസോസിലെത്തിയപ്പോൾ ജനക്കൂട്ടം ‘‘എഫേസോസുകാരുടെ അർത്തിമീസ് മഹതിയാകുന്നു’ എന്നു ആർത്തുവിളിച്ച് ഗായോസിനെ പിടിച്ചുകൊണ്ട്പോയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഗായോസ് എന്ന രണ്ട്

വ്യക്തികളിൽ ഒരാൾ ദെർബി നഗരക്കാരനാണെന്ന് വ്യക്തമാണ് (അപ്പൊ. പ്ര. 20:4). ചിലർ മക്കദോന്യയിൽനിന്നുള്ള ഗായോസും ദെർബിയിൽനിന്നുള്ള ഗായോസും ഒരേ വ്യക്തിയാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് (Easton, 2016). മൂന്നാമതായി പരാമർശിച്ചിട്ടുള്ള ഗായോസ് കൊരിന്തിൽനിന്നുള്ളവനാണ് (1 കൊരി. 1:14). ഇതു കൂടാതെ യോഹന്നാൻ ശ്ലീഹാ ഗായോസിനെ അഭിസംബോധന ചെയ്തെഴുതിയിരിക്കുന്ന ലേഖനം (3 യോഹ. 1:1) എഫേസോസിലുണ്ടായിരുന്ന മക്കദോന്യക്കാരനായ ഗായോസിനാണെന്ന് അനുമാനിക്കാമെങ്കിലും തീർച്ചപ്പെടുത്തുവാനാകില്ല.

# 23. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ അപ്പല്ലോസ്

## (ഒന്നാം നൂറ്റാണ്ട്)

അപ്പല്ലോസ്, എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനാണ്. അലക്സന്ത്രിയയിൽനിന്നുള്ള വിദ്യാസമ്പന്നനായ ഒരു യഹൂദനായിരുന്നു അപ്പല്ലോസ് (അപ്പോ. പ്ര. 18:24-28). അപ്പോസ്തോലനായ പൗലോസ് ശ്ലീഹായോടുകൂടെ മിഷനറി യാത്രകളിൽ പ്രത്യേകിച്ച് കൊരിന്തിൽ സഹചാരിയായിരുന്നു അപ്പല്ലോസ്.

അപ്പലോസിന് തിരുവെഴുത്തുകൾ നല്ലതുപോലെ അറിയാമായിരുന്നു. യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരാൽ പ്രേരിതനായിട്ടായിരിക്കാം പൗലോസ് ശ്ലീഹായുമായി എഫേസോസിൽവച്ച് പരിചയപ്പെട്ടത്. എഫേസോസിൽവച്ച് (യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് മറ്റൊന്നും അറിയാമായിരുന്നില്ലെങ്കിലും) അക്വില്ലായും പ്രിസ്കില്ലയും അപ്പല്ലോസിനെ അവരുടെ ഭവനത്തിലേക്ക് കൊണ്ടുപോകുകയും കർത്താവിന്റെ മാർഗ്ഗം പൂർണ്ണമായി കാണിച്ചുകൊടുക്കുകയും ചെയ്തു.

പിന്നീട് കൊരിന്തിലെ ഒരു പ്രമുഖ വ്യക്തിയും ആ സമൂഹത്തിലെപ്രധാനിയുമായി അപ്പലോസ് പ്രവർത്തിച്ചു (1 കൊരി. 3:6; 4:6). എഫേസോസിൽനിന്ന് പൗലോസ് ശ്ലീഹാ അയച്ച കത്തിൽ അപ്പല്ലോസ് കൊരിന്തിലേക്ക് പിന്നീട് വരുന്നതിനെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട് (1 കൊരി. 16:12).

ജീവിത സായാഹ്നത്തിൽ അപ്പല്ലോസ് ക്രീത്തിലെ ദ്വീപിലേക്ക് വരികയും പിന്നീട് കൊരിന്തിലേക്ക് മടങ്ങിയെത്തി അവിടെ മെത്രാപ്പോലീത്തയാകുകയും ചെയ്തു. അപ്പല്ലോസിന്റെ പ്രധാന പ്രവർത്തനം കൊരിന്തിലായിരുന്നു. ദീർഘകാലം അവിടെ പ്രവർത്തിക്കുകയും അനേകരെ ക്രിസ്തുവിലേക്ക് ആദായപ്പെടുത്തുകയും ചെയ്തു (https://www.revolvy.com/topic/Gaius%20of%20Ephesus&item_type=topic; Romans16:23). വിശുദ്ധ അപ്പല്ലോസിന്റെ ഓർമ്മ സുറിയാനി സഭ ഡിസംബർ 8–ാം തീയതി ആചരിക്കുന്നു.

# 24. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ കീപ്പ

**(ഒന്നാം നൂറ്റാണ്ട്)**

എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ കീപ്പാ പംഫിലിയയിലെ ഐകോണിയത്തിലെ മെത്രാപ്പോലീത്തയായിരുന്നു (https://orthodoxwiki.org/Apostle_Cepha). അപ്പോസ്തോലനായ പൗലോസ് ശ്ലീഹ കൊരിന്ത്യർക്കുള്ള ലേഖനത്തിൽ പരാമർശിക്കുന്ന കീപ്പ ഇദ്ദേഹമാണെന്ന് കരുതപ്പെടുന്നു (1 കൊരി. 15:5).

## 25. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ഫിലൊലോഗസ്

### (ഒന്നാം നൂറ്റാണ്ട്)

അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ ഫിലൊലോഗസിന് സമാധാനം ചൊല്ലുന്നതായി കാണാം (റോമ. 16:15). ഈ ഫിലൊലോഗസ് എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനാണ്. ഫിലൊലോഗസ് എന്ന പദത്തിന് വാചാലനെന്നാണർത്ഥം. ഫിലൊലോഗസിന് ജൂലിയ എന്ന് പേരായ ഭാര്യയും രണ്ടു മക്കളും ഉണ്ടായിരുന്നു (Simmons, 2017). അനേകരെ വിശ്വാസത്തിലേക്ക് നയിക്കുന്നതിന് ഫിലൊലോഗസ് മുഖാന്തരമായി. അപ്പോസ്തോലനായ അന്ത്രയോസ് ഇദ്ദേഹത്തെ (കരിങ്കടലനിനു സമീപമുള്ള) സീനോപിലെ മെത്രാപ്പോലീത്തയായി നിയമിച്ചു (http://orthochristian.com/89702.html; https://www.chrysostompress.org/lives_4_january.html).

## 26. എഡേസ്സായിലെ മെത്രാപ്പോലീത്താ മോർ തെയോഡോഷ്യസ്

### (എ. ഡി.? - 832)

മോർ ദീവന്നാസ്യോസ് തൽമഹറെ പാത്രിയർക്കീസ് ബാവായുടെ (d. 845) സഹോദരനാണ് മോർ തിയോഡോഷ്യസ് മെത്രാപ്പോലീത്ത. കെന്നശ്രീൻ ദയറായിൽ പഠനം പൂർത്തിയാക്കിയ തിയോഡോഷ്യസ്, തൽമഹറെ എന്ന സ്ഥലത്ത് ജനിച്ചു (Aphrem I, 2003). തത്വശാസ്ത്രം, ദൈവശാസ്ത്രം. സുറിയാനി, ഗ്രീക്ക്, അറബി ഭാഷകളിൽ അവഗാഹം നേടിയ തിയോഡോഷ്യസ് സന്യാസം സ്വീകരിക്കുകയും എ.ഡി. 802ന് മുമ്പ് വൈദികനാകുകയും ചെയ്തു. സുകൃതങ്ങളാൽ

വിഖ്യാതനായിരുന്ന തിയോഡോഷ്യസിനെ ഏ.ഡി. 813ൽ എഡേസായിലെ മെത്രാപ്പോലീത്തയായി വാഴിച്ചു.

ഏ.ഡി. 825ൽ മോർ തിയോഡോഷ്യസ് സ്വസഹോദരനായ മോറാൻ ദീവന്നാസ്യോസിനോടുകൂടെ ഈജിപ്റ്റിൽ പോകുകയും എഡേസാ ഭദ്രാസനത്തിലെ പള്ളികൾ നശിപ്പിക്കപ്പെട്ടതിനെ സംബന്ധിച്ച് അബ്ദ് അള്ള ഐബിൻ റ്റഹീർ അമീറിനോട് പരാതിപ്പെടുകയും ചെയ്തു. അമീറിന്റെ സഹോദരനായ മുഹമ്മദായിരുന്നു മേൽപ്പറഞ്ഞ പള്ളികൾ നശിപ്പിക്കുന്നതിന് നേതൃത്വം നൽകിയത്.

മോർ തിയോഡോഷ്യസ് ഏ.ഡി 745 മുതൽ 812 വരെയുള്ള കാലഘട്ടത്തിലെ സഭാചരിത്രം എഴുതിയിട്ടുണ്ട്. നസിയൻസിലെ ഗ്രീഗോറിയോസിന്റെ (d. 389) കവിതകൾ മോർ തിയോഡോഷ്യസ് ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് മൊഴിമാറ്റം ചെയ്തതായി മോർ ഗ്രീഗോറിയോസ് ബാർ എബ്രായ (d. 1286) രേഖപ്പെടുത്തിയിട്ടുണ്ട്. മോർ തിയോഡോഷ്യസ് 832ൽ കാലം ചെയ്തു.

# 27. ബർത്തലയിലെ മോർ യാക്കോബ് മെത്രാപ്പോലീത്ത

### (ഏ.ഡി.? - 1241)

മാർക്ക് ഷാക്കോയുടെ മകനായ ഇസായിയുടെ മകനായി യാക്കോബ് ജനിച്ചു (Aphrem I, 2003). മൂസലിനടുത്തുള്ള ബർത്തലയിൽ ജനിച്ച യാക്കോബ് മോർ മത്തായി ദയറായിൽ ചേർന്ന് സന്യാസം സ്വീകരിച്ചു. അവിടെ പഠനങ്ങൾ പൂർത്തീകരിച്ച് വൈദീകനായി. യാക്കൂബ് കശ്ശീശ തന്റെ പാണ്ഡിത്യം മൂലം വളരെ പ്രസിദ്ധനായിതീർന്നു. കിഴക്കിന്റെ മഫ്രിയാനായിരുന്ന ബാർ മദാനി ഏ.ഡി. 1232ൽ സ്വന്തം

ദയറായ്ക്കുവേണ്ടി യാക്കോബ് കശ്ശീശായെ മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. ഈ പിതാവ് ഏ.ഡി. 1241ൽ കാലംചെയ്ത് ആ ദയറായിൽ കബറടക്കപ്പെട്ടു. മോർ ബാർ എബ്രായ (d. 1286) മോർ യാക്കോബ് മെത്രാപ്പോലീത്തയുടെ കഴിവുകളെ പ്രശംസിച്ചെഴുതിയിട്ടുണ്ട്.

മോർ സേവേറിയോസ് യാക്കോബ് മെത്രാപ്പോലീത്തയുടെ പ്രധാന രചനയാണ്: 1231ൽ എഴുതിയ നിധികളുടെ പസ്തകം (*The book of treasures*). ഇത് മാത്യു എന്ന് പേരുള്ള ഒരു സന്യാസിയുടെ അപേക്ഷയനുസരിച്ച് രചിച്ചിട്ടുള്ളതാണ്. ഈ ദൈവശാസ്ത്ര പുസ്തകത്തിൽ ത്രിത്വം, ജഢധാരണം, വേദവിപരീതങ്ങൾക്കെതിരെയുള്ള നിലപാടുകൾ, സഭയുടെ രഹസ്യങ്ങളും അതിന്റെ അനുഷ്ഠാനങ്ങളും, സത്യസഭയുടെ പഠിപ്പിക്കലുകൾ, ദൈവിക പദ്ധതിയും വിധിയും (*Faith and Destiny*), മാലാഖന്മാർ, ഭൂമിയുടെ സൃഷ്ടി, ആത്മാവ്, പറുദീസ, പുനരുദ്ധാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിച്ച് ചുരുക്കമായി പ്രതിപാദിച്ചിരിക്കുന്നു. അതുകൂടാതെ സഭയുടെ ക്രമങ്ങൾ പ്രാർത്ഥനകൾ എന്നിവയെ സംബന്ധിച്ചും സഭാ സംഗീതത്തെ സംബന്ധിച്ചും എഴുതിയിട്ടുണ്ട്.

# 28. ശതാധിപനായ കൊർന്നല്യോസ്

**(ഒന്നാം നൂറ്റാണ്ട്)**

പലസ്തീനിലെ കൈസര്യായിൽ കൊർന്നല്യോസ് എന്ന് പേരായ ഒരു ശതാധിപനുണ്ടായിരുന്നു. ഇയാൾ നീതിമാനും ദൈവഭക്തനും അയാളും കുടുംബവും ജനത്തിന് വളരെയേറെ ദാനധർമ്മങ്ങൾ ചെയ്യുകയും എപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തുവന്നു. ഇറ്റാലിക്കി എന്നു വിളിക്കപ്പെടുന്ന റോമൻ സൈന്യത്തിലായിരുന്നു കൊർന്നല്യോസ് ജോലി ചെയ്തിരുന്നത് (അപ്പൊ. പ്ര. 10:1–2).

ഒരു ദിവസം കൊർന്നല്യോസ് ഭവനത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ മാലാഖ പ്രത്യക്ഷനായി ഇപ്രകാരം പറഞ്ഞു: ‘‘ദൈവം നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു.’’ തുടർന്ന് മാലാഖ നിർദ്ദേശിച്ചപ്രകാരം യോപ്പയിലേക്ക് ആളെ അയച്ച് കീപ്പാ എന്നു വിളിക്കപ്പെടുന്ന ശെമഓനെ അന്വേഷിച്ചു. അപ്പോസ്തോലനായ ശെമഓൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ഒരു ദർശനം കണ്ടു: ‘‘ആകാശം തുറക്കപ്പെട്ടിരിക്കുന്നതായും വലിയ കേത്താനാ തുണിപോലെയുള്ളതും നാലുമൂലയും ബന്ധിതവുമായിരിക്കുന്ന ഒരു വസ്ത്രം ഭൂമിയിലേക്ക് ഇറങ്ങിവരുന്നതായും കണ്ടു, അതിൽ ഭൂമിയിലെ എല്ലാ നാൽക്കാലികളും ഇഴജന്തുക്കളും ആകാശത്തിലെ പക്ഷികളും ഉണ്ടായിരുന്നു. ‘ശെമഓനേ, എഴുന്നേറ്റ് അറുത്ത് ഭക്ഷിക്കുക’ എന്നു പറയുന്നൊരു ശബ്ദവും കേട്ടു. ‘‘എന്റെ കർത്താവേ, അരുതേ, എന്തെന്നാൽ മലിനവും അശുദ്ധവുമായ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ലല്ലോ’’ (അപ്പോ. പ്ര. 10:11-14; cf. ആവർത്തനം 14:3-21). ‘ദൈവം ശുദ്ധീകരിച്ചതിനെ നീ അശുദ്ധമെന്ന് വിചാരിക്കരുത്’ എന്നൊരു ശബ്ദവും കേട്ടു. ശെമഓനെ അന്വേഷിച്ചുവന്നവരോടുകൂടെ ശെമഓൻ കൊർന്നല്യോസിന്റെ ഭവനത്തിലെത്തി. അവിടെ സന്നിഹിതരായിരുന്ന അനേകരോടായി ശെമഓൻ ഇപ്രകാരം പറഞ്ഞു: ‘‘ഒരു യഹൂദന് അവന്റെ വംശക്കാരല്ലാത്ത അന്യരായ ആളുകളുമായി ചേരുവാൻ അനുവാദമില്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ. എന്നാൽ ഒരുവനെക്കുറിച്ചും അവൻ മലിനൻ എന്നോ അശുദ്ധൻ എന്നോ ഞാൻ പറയരുതെന്ന് ദൈവം എനിക്ക് കാണിച്ചുതന്നിരിക്കുന്നു’’ (അപ്പോ. പ്ര. 10:28).

തുടർന്ന് ശെമഓൻ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയെ സംബന്ധിച്ചും, കഷ്ടാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെ സംബന്ധിച്ചും വിശദമായി വിവരിച്ചു (അപ്പൊ പ്ര. 10: 38-42). തുടർന്ന് കൊർന്നല്യോസും കൂടെയുണ്ടായിരുന്നവരും സ്നാനമേറ്റു. പിന്നീട് കൊർന്നല്യോസിന്റെ ഭവനം സഭായോഗം ചേരുന്നതിനുള്ള ഒരു ആരാധനാലയമായി പരിണമിച്ചു (https://www.chrysostompress.org/lives_4_january.html).

സ്നാനമേറ്റശേഷം കൊർന്നല്യോസ് പത്രോസ് ശ്ലീഹായോടുകൂടെ സുവിശേഷം അറിയിക്കുന്നതിനായി യാത്രചെയ്തു. കൊർന്നല്യോസ് സ്കെപ്സിസ് എന്ന പട്ടണത്തിലേക്ക്

അയക്കപ്പെട്ടു. അവിടെ ഡിമിട്രിയസ് എന്ന പേരായ ഒരു രാജാവ് താമസിച്ചിരുന്നു. ഡിമിട്രിയസ് അപ്പോലൊ, സ്യൂസ് എന്നീ വിഗ്രഹങ്ങളെ ആരാധിക്കുന്നവനായിരുന്നു. കൊർന്നല്യോസ് പട്ടണത്തിലെത്തിയതറിഞ്ഞ് ഡിമിട്രിയസ് അദ്ദേഹത്തെ വിളിപ്പിച്ച് വന്നതിന്റെ ഉദ്ദേശ്യം അന്വേഷിച്ചു. കൊർന്നല്യോസ് ഉത്തരമായി പറഞ്ഞു: ''അജ്ഞാനാന്ധകാരത്തിൽനിന്ന് സത്യപ്രകാശത്തിലേക്ക് നയിക്കുന്നതിനാണ് ഞാൻ വന്നിരിക്കുന്നത്.'' ഡിമിട്രിയസ് കൊർന്നല്യോസിനെ ചോദ്യം ചെയ്യുകയും വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. കൊർന്നല്യോസ് വിഗ്രഹങ്ങളെ കാണിച്ചുതരുന്നതിന് ആവശ്യപ്പെട്ടു. തുടർന്ന് കൊർന്നല്യോസ് സ്യൂസ് ദേവന്റെ ക്ഷേത്രത്തിൽ പ്രവേശിച്ച് കിഴക്കോട് തിരിഞ്ഞുനിന്ന് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന കർതൃപ്രാർത്ഥന ചൊല്ലി. തുടർന്ന് ഭൂകമ്പം ഉണ്ടാകുകയും വിഗ്രഹങ്ങളും ക്ഷേത്രവും തകരുകയും ചെയ്തു. തുടർന്ന് കൊർന്നല്യോസിനെ തുറങ്കിലടച്ചു. ആ സമയത്ത് ഒരു പൂജാരി വന്ന് ഡിമിട്രിയോസിന്റെ ഭാര്യയും മകനും ഇടിഞ്ഞുവീണ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾക്കിടയിലുണ്ടെന്നും അവരുടെ ശബ്ദം ,കേട്ടെന്നും അവർ ക്രിസ്ത്യാനികളുടെ ദൈവത്തെ സ്തുതിക്കുന്നതായും അറിയിച്ചു. കൊർന്നല്യോസിനാൽ പ്രവർത്തിക്കപ്പെട്ട അത്ഭുതങ്ങൾക്കുള്ള നന്ദിസൂചകമായി തടവിലിട്ടിരിക്കുന്ന കൊർന്നല്യോസിനെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ടു (https://oca.org/saints/lives/2011/09/13/102594-hieromartyr-cornelius-the-centurion).

ഡിമിട്രിയോസ് ധൃതിപ്പെട്ട് തടവറയിലേക്ക് എത്തുകയും താൻ ക്രിസ്തുവിൽ വിശ്വസിക്കുന്നതായും അറിയിച്ചു. മോചിനായ കൊർന്നല്യോസ് തകർന്ന് വീണ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ കിടന്ന ഡിമിട്രിയോസിന്റെ ഭാര്യക്കും മകനും വേണ്ടി പ്രാർത്ഥിക്കുകയും അവർ സുരക്ഷിതരായി പുറത്തുവരികയും ചെയ്തു. ഡിമിട്രിയോസിന്റെ ചാർച്ചക്കാരും സ്നേഹിതന്മാരും ക്രിസ്തുവിൽ വിശ്വസിച്ച് സ്നാനം ഏറ്റു. കൊർന്നല്യോസ് ആ പട്ടണത്തിൽ ദീർഘകാലം താമസിക്കുകയും വിജാതീയരായ എല്ലാ നിവാസികളെയും മാനസാന്തരപ്പെടുകയും ചെയ്തു. ഏറെ പ്രായംചെന്നശേഷം കൊർന്നല്യോസ് നിര്യാതനാകുകയും (തന്റെ പ്രാർത്ഥനയാൽ) ഇടിഞ്ഞുവീണ ക്ഷേത്രത്തിനടുത്ത് കബറടക്കപ്പെടുകയും ചെയ്തു.

# 29. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ എപ്പ്രഫ്രാസ്

## (ഒന്നാം നൂറ്റാണ്ട്)

എപ്പ്രഫ്രാസ് (എപ്പപ്രാ) എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനാണ്. അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ 'എന്നോടു കൂടെ ബന്ധിതനായ എപ്പപ്രാസും' എന്ന് ഫിലമോനെഴുതിയ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നു (ഫിലമോൻ 1:23). റോമിൽ തടവിലാക്കപ്പെട്ടപ്പോൾ പൗലോസിനോടുകൂടെ ശിഷ്യനായ എപ്പഫ്രായും തടവിലാക്കപ്പെട്ടിരുന്നു. പൗലോസ് ശ്ലീഹാ കൊലോസ്യർക്കെഴുതിയ ലേഖനത്തിൽ 'ഞങ്ങളുടെ വാത്സല്യമേറും കൂട്ടുകാരനായ എപ്പപ്ര' എന്നും (കൊലോ. 1-7) 'നിങ്ങളിൽ ഒരുവനും മശിഹായുടെ ദാസനുമായ എപ്പപ്ര' എന്നും (കൊലൊ 4:12) എന്നും വിശേഷിപ്പിച്ചിരിക്കുന്നു, കൊലോസ്യ സഭയുടെ സ്ഥാപകശിഷ്യനും പിന്നീട് കൊലോസ്യയിലെ മെത്രാപ്പോലീത്തയുമായിരുന്നു എപ്പപ്ര (https://www.chrysostompress.org/lives_4_january.html.);

(Epaphroditus) എപ്പഫ്രോഡിറ്റസ് എന്നതിന്റെ ഒരു ചുരുക്ക രൂപമാണ് (Epaphras) എപ്പഫ്രാസ് (https://www.biblestudytools.com/encyclopedias/isbe/epaphras.html). കൊലോസ്യ സഭയ്ക്കുവേണ്ടി എപ്പഫ്രാ എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവെന്നും (കൊലോ. 4:12) ലവദോക്യയിലുള്ളവരെക്കുറിച്ചും (Laodicea) ഈറോപോലീസിലുള്ളവരെക്കുറിച്ചും (Hierapolis) അവന് വളരെയേറെ തീഷ്ണതയുണ്ടെന്ന് അവനെപ്പറ്റി ഞാൻ സാക്ഷ്യപ്പെടുത്തുന്നുവെന്നും (കൊലോ. 4:13) പൗലോസ് ശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെ ലവദോക്യയിലും ഈറോപോലീസിലുമുള്ള സഭകൾക്ക് പ്രധാന നേതൃത്വം നൽകിയത് എപ്പഫ്രയാണെന്ന് മനസ്സിലാക്കാവുന്നതാണ്.

# 30. ഏഴു ശെമ്മാശന്മാരിൽ ഒരുവനായ തീമോൻ

## (ഒന്നാം നൂറ്റാണ്ട്)

ആ നാളുകളിൽ ശിഷ്യന്മാർ വർദ്ധിച്ചപ്പോൾ, ദിനംതോറുമുള്ള ശുശ്രൂഷയിൽ തങ്ങളുടെ വിധവമാർ അവഗണിക്കപ്പെടുന്നതായി ഗ്രീക്കുകാരായ ശിഷ്യന്മാർ എബ്രായക്കാരായ ശിഷ്യന്മാർക്കെതിരായി പിറുപിറുത്തു. അപ്പോൾ ശിഷ്യന്മാർ 12 പേരും കൂടി ശിഷ്യസമൂഹത്തെ മുഴുവനും വിളിച്ചുകൂട്ടി അവരോട് ഇപ്രകാരം പറഞ്ഞു: ''ഞങ്ങൾ ദൈവവചനം വിട്ടിട്ട് മേശകളിൽ പരിചരിക്കുന്നത് നല്ലതല്ല''. ആകയാൽ നല്ല സാക്ഷ്യമുള്ളവരും ദൈവത്തിന്റെ ആത്മാവും വിജ്ഞാനവും നിറഞ്ഞവരായ ഏഴുപേരെ നിങ്ങളിൽനിന്ന് തന്നെ തെരഞ്ഞെടുക്കുവിൻ. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഏഴു പേരിൽ ഒരുവനാണ് തീമോൻ (അപ്പോ. പ്ര. 6:1–7).

ശെമ്മാശനായ തീമോൻ ഗ്രീക്കുകാരനായ യഹൂദനാണെന്ന് കരുതപ്പെടുന്നു. ക്രിസ്തുവിനെ സാക്ഷിച്ചതിനാൽ യഹൂദന്മാരിൽനിന്നും ഏറെ കഷ്ടതകൾ അനുഭവിച്ചു (https://www.chrysostompress.org/lives_4_january.html). ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചതിനാൽ ആ ദേശത്തെ ഗവർണർ തീമോനെ അഗ്നിയിൽ ദഹിപ്പിച്ചതായി കരുതപ്പെടുന്നു (https://www.revolvy.com/topic/Seven%20Deacons&item_type=topic).

# References

Aphrem I (2003). *The scattered pearls: A history of Syriac literature and sciences*. (2nd rev. ed.). (Matti Moosa, Trans.). New Jersey: Gorgias Press

Aphrem Paulose Ramban (1963). *Vellinakshathrangal*. (Fr. T. J. Abraham, Trans.). Manjhinikkara: Mor Ignatius Dayro.

Easton, M. G. 2016. *The new Easton Bible dictionary.* (3rd ed.). updated and rev. Ed. By Graves, D. E.. London: T. Nelson & Sons.

Eusebius of Caesarea (1861). *History of martyrs in Palestine.* (Discovered in a very ancient Syriac manuscript which was Translated and Edited by William Cureton). London: Williams and Norgate.

http://full-of-grace-and-truth.blogspot.com/2010/02/st-julian-elian-martyr-and-unmercenary.html

http://orthodoxwayoflife.blogspot.com/2011/08/saint-poemen-on-beginning-of-spiritual.html

http://pemptousia.com/2017/10/october-31-the-life-of-st-stachys/

http://www.antiochianarch.org.au/stJulian.aspx

http://www.biblearchaeology.org/post/2013/08/15/Demas-Lover-of-This-Present-World.aspx#Article

http://www.biblearchaeology.org/post/2013/08/15/Demas-Lover-of-This-Present-World.aspx#Article

http://www.catholic-saints.info/roman-catholic-saints-a-g/saint-cyril.htm.

http://www.coptic.net/synexarion/Bishoy.txt

http://www.copticchurch.net/topics/synexarion/bishoy.html

http://www.gometropolis.org/orthodox-faith/feast-days/eustathius-the-great-martyr-his-wife-and-two-children-2/

http://www.omhksea.org/2012/08/abba-poemen-brief-life-and-sayings/

http://www.orthodox.net/saints/70apostles.html

http://www.pravoslavie.ru/57278.html

http://www.saintsilas.org.uk/section/111

http://www.syriacstudies.com/2016/09/22/bishops-of-the-city-of-harran/.

https://catholicsaints.info/tag/died-in-cappadocia/

https://infogalactic.com/info/Poemen

https://oca.org/saints/lives/2011/09/13/102594-hier¬omartyr-cornelius-the-centurion

https://oca.org/saints/lives/2017/02/19/100557-martyr-archippus-of-the-seventy-apostles

https://oca.org/saints/lives/2018/02/18/109054-martyr-agrippa-of-phrygia

https://oca.org/saints/lives/2018/09/20/102674-greatmartyr-eustathius-eustace-placidas-with-his-wife-and-childr.

https://orthodoxwiki.org/Demetrius_of_Thessaloniki

https://orthodoxwiki.org/Zosimus_the_Hermit

https://st-takla.org/books/en/church/synaxarium/02-babah/07-baba-tamouh.html

https://www.britannica.com/biography/Saint-Silas

https://www.catholic.org/saints/saint.php?saint_id=447

https://www.chrysostompress.org/lives_4_january.html

https://www.huffingtonpost.com/evagelos-sotiropoulos/saint-demetrios-the-myrrh_b_4163607.html?guccounter=1

https://www.johnsanidopoulos.com/2015/07/saint-julitta-of-ceasarea.html

https://www.redirectify.com/people/rufus-and-zosimus.html;

https://www.revolvy.com/topic/Gaius%20of%20Ephesus&item_type=topic;

https://www.revolvy.com/topic/Gaius%20of%20Ephesus&item_type=topicRomans16:23

https://www.revolvy.com/topic/Metropolis-of-Ephesus

https://www.revolvy.com/topic/Seven%20Deacons&item_type=topic

## Appendix - I

**പരിശുദ്ധ പാത്രിയർക്കീസന്മാരുടെ പട്ടിക**

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പാത്രിയർക്കീസന്മാരുടെ കാനോനികമായ പട്ടിക.* ഇവരിൽ പതിനൊന്നുപേർ കിഴക്കിന്റെ മഫ്രിയാന്മാരായിരുന്നപ്പോൾ പാത്രിയർക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടവരാണ്.

| | | |
|---|---|---|
| 1. | പരിശുദ്ധനായ പത്രോസ് ശ്ലീഹാ | 37-67 |
| 2. | പരിശുദ്ധനായ ഏവോദിയോസ് | 67-68 |
| 3. | പരിശുദ്ധനായ അഗ്നിമയനായ ഇഗ്നാത്തിയോസ് | 68-107 |
| 4. | പരിശുദ്ധനായ ഹീറോൻ | 107-127 |
| 5. | പരിശുദ്ധനായ കൊർന്നെല്യോസ് | 127-154 |
| 6. | പരിശുദ്ധനായ ഹെറോസ് | 154-169 |
| 7. | പരിശുദ്ധനായ തെയോഫിലോസ് | 169-182 |
| 8. | പരിശുദ്ധനായ മക്സിമോസ് I | 182-191 |
| 9. | പരിശുദ്ധനായ സെറാഫിയോൺ | 191-211 |
| 10. | പരിശുദ്ധനായ അസ്കിൽപിയാഡിസ് | 211-220 |
| 11. | പരിശുദ്ധനായ ഫിലിറ്റസ് | 220-231 |
| 12. | പരിശുദ്ധനായ സബിന | 231-237 |
| 13. | പരിശുദ്ധനായ ബാബുലസ്, രക്തസാക്ഷി | 237-251 |
| 14. | പരിശുദ്ധനായ ഫാബിയസ് | 251-254 |

*(http://sor.cua.edu/Patriarchate/PatriarchsChronList.html; http://catholicose.org/PauloseII/Catholicate.htm)

| | | |
|---|---|---|
| 15. | പരിശുദ്ധനായ ഡിമിട്രിയാനോസ് | 254-260 |
| 16. | പരിശുദ്ധനായ പൗലോസ് I (സമോസറ്റയിലെ) | 260-268 |
| 17. | പരിശുദ്ധനായ ഡൊമിനസ് I | 268-273 |
| 18. | പരിശുദ്ധനായ റ്റീമോസ് | 273-282 |
| 19. | പരിശുദ്ധനായ സിറിൽ I | 283-303 |
| 20. | പരിശുദ്ധനായ റ്റിറാനോസ് | 304-314 |
| 21. | പരിശുദ്ധനായ വിറ്റാലിസ് | 314-320 |
| 22. | പരിശുദ്ധനായ ഫിലൊഗോൺ | 320-323 |
| 23. | പരിശുദ്ധനായ പൗളിനോസ് (റ്റയറിലെ) | 323-324 |
| 24. | പരിശുദ്ധനായ ഒസ്താത്തിയോസ് | 324-337 |

നിഖ്യാ സുന്നഹദോസിനുശേഷം (AD 325) അറിയോസ് പക്ഷക്കാർ AD 331 മുതൽ 360വരെ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനം കൈയ്യടക്കുകയും മോറാൻ ഒസ്താത്തിയോസിനെ നാടുകടത്തുകയും ചെയ്തു. ഈ കാലഘട്ടത്തിൽ വേദവിപരീതികളായ അറിയോസ് പക്ഷക്കാരായ (പുത്രൻ ഒരു സൃഷ്ടിയാണെന്നും പിതാവിനോട് സമനല്ലെന്നും പഠിപ്പിച്ചവർ) ഏഴു പേർ പാത്രിയർക്കീസന്മാരായിരുന്നിട്ടുണ്ട്.

| | | |
|---|---|---|
| | യുലാലിയോസ് | 331-333 |
| | യൂഫോർണിയസ് | 333-334 |
| | ഫിലാക്ലസ് | 334-342 |
| | സ്തേഫാനോസ് | 342-344 |
| | ലിയോൺസ് | 344-357 |
| | യൂഡോക്സിയോസ് | 358-359 |

| | | |
|---|---|---|
| | യൂസോയിയോസ് | 360 |
| 25. | പരിശുദ്ധനായ മിലിത്തിയോസ് | 360-381 |
| 26. | പരിശുദ്ധനായ ഫ്ളേവിയൻ I | 381-404 |
| 27. | പരിശുദ്ധനായ പൊർഫിറോസ് | 404-412 |
| 28. | പരിശുദ്ധനായ അലക്സാണ്ടർ | 412-417 |
| 29. | പരിശുദ്ധനായ തിയോഡോറ്റസ് | 417-428 |
| 30. | പരിശുദ്ധനായ യൂഹാനോൻ I | 428-442 |
| 31. | പരിശുദ്ധനായ ഡൊമനസ് II | 442-449 |
| 32. | പരിശുദ്ധനായ മക്സിമോസ് II | 449-455 |

AD 451ലെ കൽക്കദൂനാ സുന്നഹദോസിനുശേഷം കൽക്കദൂനാ പക്ഷക്കാർ (ക്രിസ്തുവിന്റെ ഇരുസ്വഭാവ വാദം പഠിപ്പിച്ചവർ) പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനം കൈയ്യടക്കുകയും AD 455 മുതൽ 459വരെയുള്ള കാലഘട്ടത്തിൽ രണ്ടു പേർ പാത്രിയർക്കീസന്മാരായിരിക്കുകയും ചെയ്തു.

| | | |
|---|---|---|
| | ബേസിൽ | 456-458 |
| | അക്കാഖ് | 458-459 |
| 33. | പരിശുദ്ധനായ മർട്ടോറോസ് | 459-468 |
| 34. | പരിശുദ്ധനായ പത്രോസ് II (the Fuller, Qassar) | 468-488 |
| 35. | പരിശുദ്ധനായ ബ്ലാഡിയസ് | 488-498 |
| 36. | പരിശുദ്ധനായ ഫ്ളേവിയൻ II | 498-512 |
| 37. | പരിശുദ്ധനായ സേവേറിയോസ് (the Great) | 512-538 |

AD 518ൽ കൽക്കദൂനിയ അനുഭാവിയായ ജസ്റ്റീനിയൻ ഒന്നാമൻ ചക്രവർത്തി അധികാരത്തിൽ വരികയും മോറാൻ

സേവേറിയോസിനെ അലകസന്ത്രിയായിലേക്ക് നാടുകടത്തുകയും ചെയ്തു. തുടർന്ന് (വേദവിപരീതികളായ) കൽക്കദൂനിയ പക്ഷക്കാരായ മൂന്നുപേർ പാത്രിയർക്കീസന്മാരായിരുന്നിട്ടുണ്ട്.

| | | |
|---|---|---|
| | യഹൂദനായ പൗലോസ് | 518-521 |
| | യുഫ്രോസിയസ് | 521-528 |
| | ആമീദുകാരനായ അഫ്രേം | 528-546 |
| 38. | പരിശുദ്ധനായ സെർജിയസ് (റ്റെല്ലയിലെ) | 544-546 |

ഈ പ്രക്ഷുബ്ധമായ കാലഘട്ടത്തിൽ നാലു വർഷം സിംഹാസനം ഒഴിഞ്ഞുകിടന്നിട്ടുണ്ട്.

| | | |
|---|---|---|
| 39. | പരിശുദ്ധനായ പൗലോസ് II (the Black of Alexandria) | 550-575 |

ഇദ്ദേഹം കൽക്കദൂനിയ പക്ഷക്കാരോട് ചേർന്നതിനാൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും 575 മുതൽ 591വരെ സിംഹാസനം ഒഴിഞ്ഞുകിടക്കുകയും ചെയ്തു.

| | | |
|---|---|---|
| 40. | പരിശുദ്ധനായ പത്രോസ് III (of Raqqa) | 581-591 |
| 41. | പരിശുദ്ധനായ ജൂലിയാൻ I | 591-595 |
| 42. | പരിശുദ്ധനായ അത്തനാസിയോസ് I (Gammolo) | 595-631 |
| 43. | പരിശുദ്ധനായ യൂഹാനോൻ II (of the Sedre) | 631-648 |
| 44. | പരിശുദ്ധനായ തിയോഡോർ | 649-667 |
| 45. | പരിശുദ്ധനായ സേവേറിയോസ് II (bar Masqeh) | 667-681 |
| 46. | പരിശുദ്ധനായ അത്താനാസിയോസ് II | 683-686 |
| 47. | പരിശുദ്ധനായ ജൂലിയാൻ II | 686-708 |

| | | |
|---|---|---|
| 48. | പരിശുദ്ധനായ ഏലിയാസ് I | 709-723 |
| 49. | പരിശുദ്ധനായ അത്താനാസിയോസ് III | 724-740 |
| 50. | പരിശുദ്ധനായ ഈവാനിയോസ് I | 740-754 |

പരിശുദ്ധ ഈവാനിയോസ് ഒന്നാമൻ പാത്രിയർക്കീസിനു ശേഷം രണ്ടുപേർ കാലിഫിന്റെ ആജ്ഞാനുസരണം നിയമിതരായി.

| | | |
|---|---|---|
| | യൂവന്നീസ് I | 754 - ? |
| | അത്താനാസിയോസ് അൽ സന്തലി | ? - 758 |
| 51. | പരിശുദ്ധനായ ജോർജ്ജ് I | 758-790 |
| 52. | പരിശുദ്ധനായ ജോസഫ് | 790-792 |
| 53. | പരിശുദ്ധനായ കുര്യാക്കോസ് (of Tikrit) | 793-817 |
| 54. | പരിശുദ്ധനായ ദിവന്നാസ്യോസ് I (Tellmahreh) | 817-845 |
| 55. | പരിശുദ്ധനായ യൂഹാനോൻ III | 846-873 |
| 56. | പരിശുദ്ധനായ ഇഗ്നാത്തിയോസ് II | 878-883 |
| 57. | പരിശുദ്ധനായ തെയോഡൊഷ്യസ് റൊമാനോസ് (of Tikrit) | 887-896 |
| 58. | പരിശുദ്ധനായ ദിവന്നാസ്യോസ് II | 897-909 |
| 59. | പരിശുദ്ധനായ യൂഹാനോൻ IV (Qurzahli) | 910-922 |
| 60. | പരിശുദ്ധനായ ബസ്സേലിയോസ് I | 923-935 |
| 61. | പരിശുദ്ധനായ യൂഹാനോൻ V | 936-953 |
| 62. | പരിശുദ്ധനായ ഇവന്നീസ് II | 954-957 |

| | | |
|---|---|---|
| 63. | പരിശുദ്ധനായ ദിവന്നാസ്യോസ് III | 958-961 |
| 64. | പരിശുദ്ധനായ എബ്രഹാം I | 962-963 |
| 65. | പരിശുദ്ധനായ യൂഹാനോൻ VI (Sarigta) | 965-985 |
| 66. | പരിശുദ്ധനായ അത്താനാസിയോസ് IV (of Salah) | 986-1002 |
| 67. | പരിശുദ്ധനായ യൂഹാനോൻ VII (bar Abdun) | 1004-1033 |
| 68. | പരിശുദ്ധനായ ദിവന്നാസ്യോസ് IV (Yahya) | 1034-1044 |

സഭയിലെ അഭ്യന്തര കലഹംമൂലം 1044 മുതൽ 1049വരെ യുള്ള വർഷങ്ങളിൽ പാത്രിയർക്കാസ്ഥാനം ഒഴിഞ്ഞുകിടന്നു.

| | | |
|---|---|---|
| 69. | പരിശുദ്ധനായ യൂഹാനോൻ VIII | 1049-1057 |
| 70. | പരിശുദ്ധനായ അത്താനാസിയോസ് V | 1058-1063 |
| 71. | പരിശുദ്ധനായ യൂഹാനോൻ IX (bar Shushan) | 1063-1073 |
| 72. | പരിശുദ്ധനായ ബസ്സേലിയോസ് II | 1074-1075 |

പരിശുദ്ധ ബസ്സേലിയോസ് രണ്ടാമനുശേഷം ജോൺ അബ്ദൂൻ സ്വയം പാത്രിയർക്കീസായി സ്ഥാനം ഏൽക്കുകയും തുടർന്ന് സ്ഥാനഭ്യഷ്ടനാക്കപ്പെട്ടെങ്കിലും 1091വരെ സഭയിൽ കലഹങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

| | | |
|---|---|---|
| 73. | പരിശുദ്ധനായ ദിവന്നാസ്യോസ് V ലാസറസ് | 1077-1078 |
| 74. | പരിശുദ്ധനായ ഈവാനിയോസ് III | 1080-1082 |
| 75. | പരിശുദ്ധനായ ദിവന്നാസ്യോസ് VI | 1088-1090 |
| 76. | പരിശുദ്ധനായ അത്തനാസിയോസ് VI (bar Khamoro) | 1091-1129 |
| 77. | പരിശുദ്ധനായ യൂഹാനോൻ X (bar Mawdyono) | 1129-1137 |

| | | |
|---|---|---|
| 78. | പരിശുദ്ധനായ അത്താനാസിയോസ് VII (bar Qutreh) | 1138-1166 |
| 79. | പരിശുദ്ധനായ മീഖായേൽ I റാബോ (the Great) | 1166-1199 |
| 80. | പരിശുദ്ധനായ അത്താനാസിയോസ് VIII | 1200-1207 |
| 81. | പരിശുദ്ധനായ യൂഹാനോൻ XI | 1208-1220 |
| 82. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ദാവീദ് III (ഇദ്ദേഹം 1215 മുതൽ 1222വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1222-1252 |
| 83. | പരിശുദ്ധനായ യൂഹാനോൻ XII (bar Ma'dani) | 1252-1263 |
| 84. | പരിശുദ്ധനായ ഇഗ്നാത്തിയോസ് IV Yeshu | 1264-1282 |
| 85. | പരിശുദ്ധനായ ഫീലക്സിനോസ് I (Nemrud) | 1283-1292 |
| 86. | പരിശുദ്ധനായ മീഖായേൽ II | 1292-1312 |
| 87. | പരിശുദ്ധനായ മീഖായേൽ III Yeshu | 1312-1349 |
| 88. | പരിശുദ്ധനായ ബസ്സേലിയോസ് III ഗബ്രിയേൽ | 1349-1387 |
| 89. | പരിശുദ്ധനായ ഫീലക്സിനോസ് II (the writer) | 1387-1421 |
| 90. | പരിശുദ്ധനായ ബസ്സേലിയോസ് IV ശെമ്വൂൻ | 1421-1444 |
| 91. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ബഹനാം (al-Hadli) | 1445-1454 |
| 92. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ഖലാഫ് | 1455-1483 |
| 93. | പരിശുദ്ധനായ ഇഗ്നാത്തിയോസ് യൂഹാനോൻ XIII | 1483-1493 |
| 94. | പരിശുദ്ധനായ ഇഗ്നാത്തിയോസ് നൂഹ് (of Lebanon) | 1493-1509 |
| 95. | പരിശുദ്ധനായ ഇഗ്നാത്തിയോസ് യേശു I | 1509-1512 |

| | | |
|---|---|---|
| 96. | പരിശുദ്ധനായ ഇഗ്നാത്തിയോസ് യാക്കോബ് I | 1512-1517 |
| 97. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ദാവീദ് I | 1517-1520 |
| 98. | പരിശുദ്ധനായ ഇഗ്നാത്തിയോസ് അബ്ദ് അള്ള I | 1520-1557 |
| 99. | പരിശുദ്ധനായ ഇഗ്നാത്തിയോസ് നെമേത്ത് അള്ള I (ഇദ്ദേഹം 1555 മുതൽ 1557വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1557-1576 |
| 100. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ദാവീദ് II (Shah) (ഇദ്ദേഹം 1575 മുതൽ 1576വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1576-1591 |
| 101. | പരിശുദ്ധനായ ഇഗ്നാത്തിയോസ് പീലാത്തോസ് I (ഇദ്ദേഹം 1576 മുതൽ 1591വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1591-1597 |
| 102. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ഹിദായത്ത് അള്ള (ഇദ്ദേഹം 1597ൽ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1597-1639 |
| 103. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ശീമോൻ I | 1640-1659 |
| 104. | പരിശുദ്ധനായ ഇഗ്നാത്തിയോസ് യേശു II (Qamsheh) | 1659-1662 |
| 105. | പരിശുദ്ധനായ ഇഗ്നാത്തിയോസ് അബ്ദുൾ മശീഹ I (ഇദ്ദേഹം 1655 മുതൽ 1662വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1662-1686 |
| 106. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ജോർജ്ജ് II (ഇദ്ദേഹം 1674 മുതൽ 1687വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1687-1708 |
| 107. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ഇസഹാക് (Azar) (ഇദ്ദേഹം 1687 മുതൽ 1709വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1709-1722 |
| 108. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ശകർ അള്ള II (ഇദ്ദേഹം 1722ൽ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1722-1745 |
| 109. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ജോർജ്ജ് III | 1745-1768 |

| | | |
|---|---|---|
| 110. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ജോർജ്ജ് IV (ഇദ്ദേഹം 1760 മുതൽ 1768വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1768-1781 |
| 111. | പരിശുദ്ധനായ ഇഗ്നാത്തിയോസ് മത്തായി | 1782-1817 |
| 112. | പരിശുദ്ധനായ ഇഗ്നാത്തിയോസ് യൂനാൻ | 1817-1818 |
| 113. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ജോർജ്ജ് V | 1819-1837 |
| 114. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് II (ഇദ്ദേഹം 1827 മുതൽ 1838വരെ കിഴക്കിന്റെ മഫ്രിയാനായിരുന്നു) | 1838-1847 |
| 115. | പരിശുദ്ധനായ ഇഗ്നാത്തിയോസ് യാക്കോബ് II | 1847-1871 |
| 116. | പരിശുദ്ധനായ ഇഗ്നാത്തിയോസ് പത്രോസ് IV (ഇദ്ദേഹം 1876ൽ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടുകയും ആറ് മെത്രാപ്പോലീത്തന്മാരെ മലങ്കര സഭയ്ക്കുവേണ്ടി വാഴിക്കുകയും ചെയ്തു.) | 1872-1894 |
| 117. | പരിശുദ്ധനായ ഇഗ്നാത്തിയോസ് അബ്ദുൾ മശിഹ II (ഇദ്ദേഹത്തെ 1905ൽ ആകമാന സുന്നഹദോസ് പ ാത്രിയർക്കാസ്ഥാനത്തുനിന്ന് നീക്കം ചെയ്തു.) | 1895-1905 |
| 118. | പരിശുദ്ധനായ ഇഗ്നാത്തിയോസ് അബ്ദ അള്ള (അബ്ദേദ് ആലോഹോ) II (ഇദ്ദേഹം 1910-1912 കാലഘട്ടത്തിൽ മലങ്കരയിൽ താമസിച്ചിട്ടുണ്ട്) | 1906-1915 |
| 119. | പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് III (ഇദ്ദേഹം 1931ൽ ഇർവിൻ പ്രഭുവിന്റെ ക്ഷണപ്രകാരം സഭാസമാധാന ശ്രമങ്ങൾക്കായി മലങ്കരയിൽ വരികയും 1932ൽ മഞ്ഞനിക്കരയിൽ കാലംചെയ്ത് കബറടക്കപ്പെടുകയും ചെയ്തു.) | 1917-1932 |
| 120. | പരിശുദ്ധനായ ഇഗ്നാത്തിയോസ് അഫ്രേം I ബർസൗം | 1933-1957 |

| | | |
|---|---|---|
| 121. | പരിശുദ്ധനായ ഇഗ്നാത്തിയോസ് യാക്കോബ് III {ഇദ്ദേഹം റമ്പാനായിരുന്നപ്പോൾ (അബ്ദുൾ ആഹാദ് റമ്പാൻ) 1933 മുതൽ 1946വരെ മഞ്ഞനിക്കര ദയറായിൽ താമസിച്ചിട്ടുണ്ട്.} | 1957-1980 |
| 122. | പരിശുദ്ധനായ ഇഗ്നാത്തിയോസ് സാഖാ ഇവാസ് I (ഇദ്ദേഹം 1982ൽ മലങ്കരയിൽ പ്രഥമ സന്ദർശനം നടത്തി. പിന്നീട് 2000, 2004, 2008 എന്നീ വർഷങ്ങളിലും ശ്ലൈഹിക സന്ദർശനം നടത്തിയിട്ടുണ്ട്) | 1980-2014 |
| 123. | പരിശുദ്ധനായ ഇഗ്നാത്തിയോസ് അഫ്രേം II (ഇദ്ദേഹം 2015ൽ മലങ്കരയിൽ പ്രഥമ ശ്ലൈഹിക സന്ദർശനം നടത്തി.) | 2014- |

# NAME INDEX
## (Volume XII)

1. Abraham, Bishop of Harran. .................................... 09
2. Absalom (Abselma), Saint ........................................ 04
3. Agapitus, Metropolitan ............................................ 20
4. Appallos, one among the Emissaries ......................... 32
5. Archippus, one among the Emmissaries ................... 29
6. Bishoy (Bishoe), Saint .............................................. 18
7. Cyril of Caesarea, Martyr ......................................... 01
8. Cephas, one among the Emissaries ........................... 33
9. Cornellius, the Centurion .......................................... 36
10. David, Bishop of Harran. ......................................... 08
11. Dimetrios of Thessaloniki, Martyr ........................... 11
12. Deemas, one among the Emissaries .......................... 30
13. Gaius, Bishop of Ephesus ......................................... 31
14. Epiphanius, Martyr .................................................. 06
15. Epaphras, one among the Emissaries ........................ 39
16. Eustathius, his wife and two sons. ........................... 16
17. Julian, Martyr ........................................................... 21
18. Julitta of Caesarea. .................................................. 02
19. Paul of Tamouiah, Ascetic ....................................... 14
20. Philologus, one among the Emissaries ...................... 34
21. Poemen of Egypt, Saint ............................................ 23
22. Ruphos & Zosimus, Saints ........................................ 15

23. Silas, one among the Emissaries................................27
24. Themotheos of Gaza, Saint........................................05
25. Theodosia, Virgin & Martyr. .....................................03
26. Theodosius of Edessa.................................................34
27. Timon, one among the seven deacons .......................40
28. Urbanus, Bishop and Martyr......................................28
29. Yacoub of Bartle .......................................................35
30. Zosimus, the solitary..................................................66

# GENERAL INDEX
## Volumes I to XI

### A


Abahai, the Martyr ............................................. Vol. III, 12
Abded Aloho II, Patriarch ...................................... Vol. III, 50
Abgar V, the Black ................................................ Vol. II, 54
Abraham Kidunay ................................................ Vol. VII, 40
Abraham of Keshkar ............................................. Vol. XI, 30
Acacious of Aleppo. ............................................... Vol. V, 53
Acacius of Melitene .............................................. Vol. IX, 39
Adai, the first Bishop of Edessa ............................ Vol. VI, 25
Adrian with his wife Natalia, Martyrs .................. Vol. VI, 32
Agabus, The New Testament Prophet ..................... Vol. X, 22
Agapius of Caesarea .............................................. Vol. IX, 01
Agatha, Martyr ........................................................ Vol. II, 4
Aggai, the second Bishop of Edessa ..................... Vol. VII, 13
Agnes, Virgin & Martyr ....................................... Vol. VII, 22
Ahathulla Bava ...................................................... Vol. VI, 55
Aho, the Ascetic .................................................. Vol. VIII, 08
Ahudemeh, the Great Bishop ................................. Vol. III, 53
Alexander, the Patriarch of Alexandria ................. Vol. VII, 28
Alexander, the Patriarch of Antioch ....................... Vol. IX, 40
Alexander, the Patriarch of Constantinople .......... Vol. VI, 53
Ambrose, Saint ...................................................... Vol. III, 32
Ammon (Amus) of Nitria ....................................... Vol. VII, 35
Amphlocius, Bishop of Iconium ............................ Vol. IX, 02
Anastasia, the Martyr ............................................... Vol. V, 3
Andrew, the Disciple ............................................ Vol. III, 20
Anthimos, Episcopo of Nicomedia, the Martyr .... Vol. VII, 19
Anthimus of Constantinople .................................. Vol. IV, 62
Anthrayose, Kallada, Kerala, India ....................... Vol. VI, 68
Antoninus, Zebinas, Germanus,
and Mannathus ...................................................... Vol. XI, 31

Antonius of Egypt ....................................................Vol. I, 28
Anysia, the Martyr ...............................................Vol. VII, 20
Aphrahat, Hermit ................................................. Vol. IV, 25
Aphrem I, the Patriarch of Antioch ..........................Vol. I, 70
Aphrem, the Syrian ............................................... Vol. II, 69
Apollonia, the Martyr...........................................Vol. VII, 17
Aquilla, the Apostle .............................................Vol. XI, 01
Arnobius, the Martyr. ...............................................Vol. V, 14
Arsenius, the Great............................................. Vol. VIII, 43
Artemius, Martyr............................................... Vol. VIII, 06
Athanasius Aphrem Barsoum, Archbishop ..........Vol. VI, 73
Athanasius Denho, Martyr ................................. Vol. VIII, 04
Athanasius I Gammolo .......................................Vol. XI, 39
Athanasius II (of Balad), the Patriarch of Antioch . Vol. X, 46
Athanatius of Alexandria ..................................... Vol. III, 40
Athanatius Paulose, Kadavil I............................... Vol. IV, 75
Athanatius Paulose, Saint....................................... Vol. II, 41
Athanatius Shemavoon, the delegate ......................Vol. I, 102
Athanatius Yeshu Samuel.........................................Vol. I, 97
Athnatius Paulose, Kadavil II ............................... Vol. IV, 82
Augen of Clysma ................................................. Vol. IV, 23

## B

Babula, the Patriarch of Antioch ............................Vol. III, 1
Babylas, the Patriarch of Antioch, the Martyr ......Vol. VI, 58
Balai, Bishop of Balsh ......................................... Vol. IV, 39
Bar Hebreaus Gregorius Yuhanon............................Vol. I, 82
Barbara and Juliana, Martyrs ................................. Vol. II, 19
Bar-had- bashabo, Deacon & Martyr....................Vol. VII, 38
Barnabas, the Apostle ..........................................Vol. VI, 12
Barsabas, Persian Martyr .......................................Vol. XI, 38
Barsoumo, the chief of Mourners ............................Vol. I, 32
Bartholomew, The Disciple ....................................Vol. III, 8
Baselius of Caesera, Saint....................................... Vol. II, 35
Baselius Paulose II, the Catholicos...........................Vol. I, 85
Behnam and Sara, Martyrs................................. Vol. VIII, 31
Benjamin, Deacon & Martyr.................................Vol. XI, 34

## C

Callistus, Episcopo of Rome.................................Vol. VII, 15
Carpos & Papylos, Martyrs ..................................Vol. VI, 35
Christina, Martyr..................................................Vol. XI, 02
Christopher, the Martyr.........................................Vol. IX, 41
Cipriyan, the Martyr............................................... Vol. II, 14
Clement of Rome .................................................... Vol. IV, 1
Clemis Abraham..................................................... Vol. II, 93
Constantine I, the Great ........................................Vol. IX, 27
Constantine, Bishop of Edessa................................ Vol. X, 10
Coorilos Geevarghese, Ambattu .............................Vol. V, 68
Coorilos Kuriakose, Poothicote ............................. Vol. IV, 84
Coorilos Markose, Ramanthara ..............................Vol. V, 76
Coorilos Paulose, St. ............................................ Vol. IV, 51
Coorilos Yuyakim, the Delegate ........................... Vol. IV, 47
Cosmas & Damian, Martyrs ................................Vol. VII, 24
Cyril of Alexandria ............................................... Vol. II, 72
Cyril of Axiopolis ................................................Vol. XI, 38
Cyril of Jerusalem...............................................Vol. VII, 45

## D

Daniel, the Stylite................................................Vol. VII, 48
Deevannasios Shem'vun, Karavattuveettil . ............Vol. V, 65
Didymus, the blind..................................................Vol. V, 59
Dimet (Dometius) of Persia ..................................Vol. IX, 04
Dionysius II, the Patriarch of Antioch .................... Vol. X, 52
Dionysius Jacob bar Salibi....................................Vol. IX, 25
Dionysius Joseph, Pulikottil .................................. Vol. IV, 71
Dionysius Michael ................................................. Vol. II, 84
Dionysius of Alexandria .......................................Vol. III, 48
Dionysius of Milan, the Bishop ............................Vol. VI, 67
Dionysius Tell Mahre, the Patriarch of Antioch . Vol. VIII, 27
Dionysius, the Areopagite.................................. Vol. VIII, 75
Dioscoros of Alexandria .......................................Vol. III, 44
Dodo (Gregorius), the Saint... ...............................Vol. V, 36
Drosis, daughter of Emperor Trajan.................... Vol. VIII, 24

## E

Eleuthrius of Nicomedia ....................................... Vol. X, 34

Elias (Elijah) I, the Patriarch of Antioch................. Vol. X, 48
Elias III, the Patriarch of Antioch ........................... Vol. II, 48
Epiphanius of Salamis, Egypt ................................ Vol. IV, 33
Eudocia, Martyr ...................................................... Vol. X, 29
Eugenia, Martyr ................................................. Vol. VIII, 52
Eulogius, Episcopo of Edessa............................. Vol. VIII, 40
Euphemia, Virgin & Martyr ..................................Vol. VI, 38
Eusebius of Caeseria............................................. Vol. IV, 16
Eusebius of Samosata, Martyr ................................. Vol. X, 34
Eutychius, Disciple of Apostle John.......................Vol. XI, 05
Evagrius, Ascetic and Writer............................... Vol. VIII, 49
Evodius, the Patriarch of Antioch, Martyr ............Vol. VI, 51

**F**

Fabronia, the Martyr ................................................Vol. V, 25
Felicitas of Rome and her seven children .............Vol. IX, 06
Flavian, the Patriarch ...............................................Vol. V, 44
Fourty martyrs of Sebesthe ........................................Vol. I, 5

**G**

Gabriel of Thur'abdeen .........................................Vol. VI, 47
George I, the Patriarch of Antioch .......................... Vol. X, 25
George, Bishop of Arabs........................................Vol. IX, 30
George, Metropolitan of Basibrina ......................... Vol. X, 53
George, Saint...............................................................Vol. I, 8
Gregorius Abdul Jaleel, Saint ................................. Vol. II, 58
Gregorius Chathuruthil (of Parumala), St.................Vol. I, 51
Gregorius Gheevarghese, Perumpallil .................. Vol. III, 63
Gregorius Gheevarghese, Vayaliparampil .............Vol. VI, 76
Gregorius of Armenia, the Illuminator................ Vol. VIII, 01
Gregorius Paulos Behnam .....................................Vol. XI, 07
Gregorius Yuhanon, the Delegate ..........................Vol. III, 79
Gregory of Nazianzen, the younger.......................Vol. III, 26
Gregory of Nazianzus, the Elder............................Vol. XI, 06
Gregory of Nyssa, Saint........................................... Vol. II, 39
Gregory, the Wonderworker ...................................Vol. VI, 44

**H**

Habib, the Martyr......................................................Vol. V, 9

Hananiah who baptised St. Paul............................Vol. XI, 08
Helen, Queen........................................................ Vol. II, 66
Hermas, the Evangelist ..........................................Vol. XI, 36
Hesychius of Antioch, Martyr................................Vol. XI, 37
Hesychius of Constantinople, the Martyr .............Vol. VI, 18
Hilaria, the daughter of Emperor Zeno............... Vol. VIII, 46
Hilarion, Abbot (of Gaza) .....................................Vol. VII, 42
Hippolytus of Rome, the Martyr............................Vol. VI, 28
Hosius (Ossius), Bishop of Cordova......................Vol. IX, 32

**I**

Ignatius Nuh (Noah), the Patriarch of Antioch ... Vol. VIII, 38
Ignatius, Noorono ...................................................Vol. I, 19
Iranaeus of Sirmium, the Martyr ...........................Vol. VI, 30
Irenaeus, the Bishop of Lyons................................Vol. VII, 9
Irene (Erini/Irini), the Martyr............................. Vol. VIII, 58
Isaac of Nineveh (Syrian) ....................................Vol. VII, 69
Isaac, the Doctor .................................................... Vol. IV, 40
Isaiah, the Solitary ................................................Vol. XI, 19
Isidore of Chios, the Martyr................................ Vol. VIII, 78
Ivanios Hidayathulla, the Delegate........................ Vol. IV, 64
Ivanios Philipose, Parappallil .................................Vol. V, 71
Ivanios Yuhanon, the Delegate .............................. Vol. IV, 68
Ivanius, Gold-mouthed ............................................Vol. I, 56

**J**

Jacob of Edessa..................................................... Vol. III, 68
Jacob of Edessa.....................................................Vol. VII, 72
Jacob of Sarug..........................................................Vol. I, 64
Jacob, The Disciple ................................................Vol. I, 11
James of Jerusalem, Martyr ................................... Vol. II, 10
James of Nisbis ...................................................... Vol. II, 64
James, Bardeaus (Burd'ono) ..................................Vol. I, 60
James, Son of Alphaeus ......................................... Vol. III, 16
Joachim & Hannah................................................ Vol. IV, 14
John (Ivannis) of Edessa, Priest............................. Vol. X, 31
John (Yuhanon) of Tella...................................... Vol. VIII, 62
John bar Aphthoonia .............................................. Vol. II, 76

John III of Sedre, the Patriarch of Antioch ...........Vol. VII, 64
John IX, Bar Shushan, the Patriarch of Antioch . Vol. VIII, 29
John of Arabia ..........................................................Vol. V, 55
John of Damascus ................................................ Vol. IV, 44
John of Egypt, the Abbot ......................................Vol. VII, 51
John of Jerusalem..................................................Vol. XI, 14
John the Merciful, the Patriarch of Alexandria ....... Vol. X, 38
John, Bishop of Dara............................................... Vol. X, 13
John, the Baptist.........................................................Vol. I, 1
John, the Disciple................................................. Vol. II, 61
Joseph of Arimathea .............................................Vol. VI, 03
Joseph, The Just ....................................................Vol. III, 35
Juda, The Disciple ..................................................Vol. III, 6
Julius Elias, the delegate of Antioch ....................... Vol. II, 89
Julius Geevarghese, Konatt.....................................Vol. V, 62
Julius Kuriakose, Kochupurackal ............................Vol. V, 82
Julius of Rome, ....................................................Vol. III, 38
Julius Yacob, Madappattu .........................................Vol. I, 89
Julius Yeshu Cicek, Holland ..................................Vol. III, 82
Justin, the Martyr ...................................................Vol. VI, 15

**K**

Kauma, Monk of Toralidon....................................Vol. XI, 15
Kuriakose and Yulithi, Martyrs ............................... Vol. II, 12
Kuriakose Vanchithattil, Ramban .............................Vol. V, 85
Kuriakose, Metropolitan of Amid........................... Vol. X, 11
Kuriakose, the Patriarch of Antioch ........................Vol. V, 48

**L**

Lazarus of Bethany ................................................Vol. IX, 09
Longinus, the Martyr .............................................Vol. VI, 05
Lucianos, the Martyr.............................................Vol. IX, 11
Luke, the Evangelist.................................................Vol. I, 49
Lydia, who sold purple cloth..................................Vol. XI, 10

**M**

Macarius, Bishop of Jerusalem (the Lesser).........Vol. IX, 34
Macarius, the Egyptian (the Elder) ...........................Vol. V, 19
Macrina, the Elder..................................................Vol. IX, 12

Macrina, the younger ........................................... Vol. IV, 28
Maike, the Saint ..................................................... Vol. V, 34
Mamas of Caesarea, the Martyr ........................ Vol. VIII, 55
Marina, the Saint .................................................. Vol. V, 31
Mark, the Martyr ..................................................... Vol. II, 6
Markos, the Solitary ............................................. Vol. X, 51
Martha, mother of Simeon, the Stylite (Younger)... Vol. X, 41
Marutha, the Maphrian .......................................... Vol. II, 82
Mary Magdelena .................................................... Vol. II, 74
Mary of Egypt ..................................................... Vol. VII, 53
Mary, Mother of God ............................................ Vol. II, 23
Mathai of Mosul Dayro ....................................... Vol. IX, 37
Mathew, the Disciple ............................................. Vol. I, 43
Matthias, The Disciple ........................................ Vol. III, 10
Maximus, the Confessor ..................................... Vol. VII, 62
Meletius Barnaba, Homs ....................................... Vol. V, 74
Meletius, the Patriarch of Antioch ........................ Vol. V, 41
Mena, the Martyr ..................................................... Vol. V, 5
Mennas, the Martyr ........................................... Vol. VIII, 16
Micah, the Prophet ............................................... Vol. XI, 04
Michael Rabo, the Patriarch of Antioch ................. Vol. I, 90
Moses, the Ethiopian ......................................... Vol. VIII, 34
Moshe Bar Kipho ................................................... Vol. I, 95

**N**

Nicephorus, the Martyr ....................................... Vol. VI, 19
Nicodemus ........................................................... Vol. XI, 11
Nikitha, Martyr .................................................. Vol. XI, 20

**O**

Onesimus, Disciple of St. Paul ............................ Vol. XI, 22
Ossyo, the Martyr ................................................. Vol. V, 17
Osthatheos Bennyamin Joseph ........................... Vol. III, 74
Osthatheos Sleeba, St. ........................................... Vol. I, 35
Osthatheos Thomas, Panthalumakkil .................. Vol. IV, 86
Osthatheos, the Patriarch of Antioch .................... Vol. II, 79

**P**

Pachomius of Egypt, Saint ................................. Vol. III, 29

Palladius, the Solitary ........................................ Vol. VIII, 72
Pambo, the Ascetic............................................ Vol. VIII, 20
Pamphilus of Caesarea, the Martyr.......................Vol. VII, 26
Pantaenus of Alexandria (priest)............................Vol. VI, 10
Pantaleon, the Martyr ..........................................Vol. VI, 23
Paphnutius, Bishop of Upper Thebaid...................Vol. IX, 14
Patrobas, Philologus & Gaius ...............................Vol. XI, 35
Paul (I) of Edessa............................................... Vol. VIII, 79
Paul of Tella ........................................................Vol. IX, 16
Paul of Thebaid .................................................. Vol. IV, 20
Paul, The Apostle ...................................................Vol. I, 16
Paulinus, Bishop of Trier ......................................Vol. IX, 35
Paulus I, the Patriarch of Constantinople................ Vol. X, 08
Pelagia of Antioch, Saint ......................................Vol. III, 14
Pelagia of Tarsus, Virgin & Martyr .......................Vol. VI, 22
Peter II the Fuller, the Patriarch of Antioch ..........Vol. IX, 36
Peter III (IV), the Patriarch of Antioch ....................Vol. I, 66
Peter, the chief among Apostles ..............................Vol. I, 13
Peter, the Patriarch of Alexandria ..........................Vol. IX, 33
Phathiyoon (Pethion) ............................................Vol. XI, 13
Philemon, the disciple of St. Paul ..........................Vol. XI, 21
Philexenus of Mabbug, the Martyr ......................... Vol. II, 21
Philexinose Yoohanon, Elappanal .........................Vol. VI, 70
Philexinose Yuhanon Dolabani of Mardin.......... Vol. VIII, 13
Philip, the Disciple ...............................................Vol. III, 18
Philogone, the Patriarch of Antioch.......................Vol. IX, 43
Philoxenos Samuel, Kodath .................................Vol. III, 60
Phocas of Sinope, the Gardner................................ Vol. IV, 8
Phocas, Bishop of Sinope ......................................Vol. IX, 37
Polycarp of Smirna, the Martyr ............................Vol. III, 23
Polycarpus Geevarghese, Pallivadakkethil ..............Vol. V, 79
Pontius Pilate and his wife Procula........................Vol. XI, 23
Porphyrius, Bishop of Gaza ................................... Vol. X, 03
Porphyrius, the Patriarch of Antioch...................... Vol. X, 07
Prochoros, Bishop of Nicomedia ........................... Vol. X, 01
Proclus, Patriarch of Constantinople...................... Vol. X, 15
Procopius, the Great Martyr................................... Vol. X, 17

## R

Rabula of Edessa.................................................. Vol. II, 91
Romanos of Antioch ..........................................Vol. IX, 18

## S

Sabas, Abbot and Martyr......................................... Vol. X, 43
Sabas, the Ascetic................................................Vol. IX, 33
Sabina, Martyr..................................................... Vol. X, 27
Saliba Bar Khayrun, Malphono ............................. Vol. X, 12
Seraphion, the Patriarch of Alexandria .................Vol. IX, 42
Serapion, the Patriarch of Antioch ..........................Vol. V, 39
Sergius and Baccus, Martyrs.................................. Vol. II, 17
Sergius, the Patriarch of Antioch ...........................Vol. IX, 44
Severios Paulose, Mulayirickal ............................. Vol. IV, 78
Severius Gheevarghese, Edavazhikkal ................ Vol. III, 70
Severius, the Patriarch of Antioch .......................... Vol. II, 45
Severus Sabukht, Bishop of Qinnesrin ................Vol. VII, 67
Shalito, the Martyr .................................................Vol. V, 21
Sharbil, the Martyr ................................................. Vol. IV, 4
Shem'vun of Jerusalem, the Martyr..........................Vol. V, 1
Shemvun of Qartmin............................................Vol. VII, 59
Shirin, the Great Martyr........................................ Vol. X, 20
Shmuni, her seven children and Eliazar ................Vol. VI, 07
Shukr Allah of Aleppo, Maphrian.......................... Vol. III, 57
Silvanus, the Martyr.............................................Vol. IX, 45
Silvester, the Patriarch of Rome ...........................Vol. VII, 31
Simeon of Persia, the Martyr ................................. Vol. X, 01
Simeon, the Aged & Morth Hannah ....................Vol. VI, 01
Simeon, the Zeolot ................................................. Vol. III, 3
Simon Theophilus, the Patriarch of Antioch...........Vol. V, 46
Simon Zaytuni of Harran .....................................Vol. VII, 75
Simon, the Martyr ...................................................Vol. V, 1
Simon, the Potter.................................................. Vol. IV, 42
Simon, the Stylite (Younger) ................................. Vol. X, 50
Simon, the stylite ...................................................Vol. I, 40
Sisinnius, the Patriarch of Constantinople............. Vol. X, 33
Sophia, the Martyr ...............................................Vol. XI, 25
Stephen, the Martyr.................................................. Vol. II, 1

Susanna, Virgin & Martyr ...................................... Vol. XI, 32

**T**

Tharakkos, Prokkos & Andronikkos, Martyrs ...... Vol. VI, 39
Thecla, the Saint ...................................................... Vol. I, 45
Themotheos of Alexandria .................................... Vol. IV, 59
Theodora, the Empress of Byzantine .................. Vol. VIII, 68
Theodorus, the Hermit ........................................... Vol. XI, 28
Theodosius, the Patriarch of Antioch ...................... Vol. X, 49
Theodotus, the Martyr ......................................... Vol. VIII, 66
Theodotus, the Patriarch of Antioch ..................... Vol. VII, 56
Theophilos Thomas, Moothedath .......................... Vol. IV, 89
Theophilus of Alexandria ....................................... Vol. IV, 56
Thimotheos of Alexandria ...................................... Vol. IX, 21
Thimotheos Yacoub, Parekulam .............................. Vol. I, 92
Thomas of Heraclea ............................................ Vol. VIII, 60
Thomas, The Apostle ................................................ Vol. I, 23
Timothy, the disciple of Apostle St. Paul ................ Vol. VII, 1
Titus, the disciple of Apostle St. Paul ..................... Vol. VII, 5
Trophimus, One among the Seventy-two ............. Vol. XI, 27

**X**

Xystus II of Rome ................................................ Vol. IX, 23

**Y**

Yacoub III, the Patriarch of Antioch ......................... Vol. I, 73
Yacoub, M’fasquo ................................................ Vol. IV, 12
Yeldho Baselius Maphrian, Saint ........................... Vol. III, 54
Yuhanon of Mardin ............................................ Vol. VIII, 64
Yuhanon, the Bishop of Ephesus ............................. Vol. V, 50

**Z**

Zakka I, the Patriarch of Antioch .......................... Vol. VI, 61
Zeno, the Ascetic ................................................. Vol. IV, 37
Zenobius and Zenobia, Martyrs .......................... Vol. VIII, 18
Zokhe (Nicholavos), Bishop of Moora (Myra) ..... Vol. VII, 33

## Books by the Author

1. Rajan, K. M. (1991). *Queen of the Sacraments*. California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead*. New Delhi: NIEPA.
6. Rajan, K. M. (2003).*സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും*. (Vol. I). Trivandrum: Lotus Publications.
7. Rajan, K. M. (2004). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. III). Trivandrum: Lotus Publications.
10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol. I). Kottayam: The Travancore Syriac Orthodox Publishers.

11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.

12. Rajan, K. M. (2009). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IV). Trivandrum: Lotus Publications.

13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.

14. Rajan, K. M. (2010). *പരിശുദ്ധ മഞ്ഞനിക്കര ബാവായുടെ മലങ്കര സന്ദർശനം*. Kottayam: The Travancore Syriac Orthodox Publishers.

15. Rajan, K. M. (2011). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. V). Kottayam: The Travancore Syriac Orthodox Publishers.

16. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II). Kottayam: The Travancore Syriac Orthodox Publishers.

17. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III). Kottayam: The Travancore Syriac Orthodox Publishers.

18. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV). Puthencruz: J. S. C. Publications.

19. Rajan, K. M. (2016). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.

20. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V). Puthencruz: J. S. C. Publications.

21. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VII). Puthencruz: J. S. C. Publications..

22. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VIII). Puthencruz: J. S. C. Publications.

23. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J. S. C. Publications.

24. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J. S. C. Publications.

25. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume). Puthencruz: J. S. C. Publications.

26. Rajan, K. M. (2017). *Renowned Ascetics: Their Lives & Practices.* Puthencruz: J. S. C. Publications.

27. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും (250 ജീവചരിത്രം).* Puthencruz: J. S. C. Publications.

28. Rajan, K. M. (2017). *വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും*. Puthencruz: J. S. C. Publications.

29. Rajan, K. M. (2017). *സുപ്രസിദ്ധ സന്യാസികൾ: അവരുടെ ജീവിതവും സുകൃതങ്ങളും*. Puthencruz: J. S. C. Publications.

30. Rajan, K. M. (2018). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IX). Puthencruz: J. S. C. Publications..

31. Rajan, K. M. (2018). *Martyrs, saints & prelates of the Syriac Orthodox Church* (Vol.VI). Puthencruz: J. S. C. Publications.

32. Rajan, K. M. (2018). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. X). Puthencruz: J. S. C. Publications.

33. Rajan, K. M. (2018). *വിശുദ്ധ കൂദാശകളുടെ രാജ്ഞി* (Jacob Varghese Mannakuzhiyil, Trans.).Puthencruz: J. S. C. Publications.

34. Rajan, K. M. (2019). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. XI). Puthencruz: J. S. C. Publications.

35. Rajan, K. M. (2019). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. XII). Puthencruz: J. S. C. Publications.

36. Rajan, K. M. (2019). *Martyrs, saints & prelates of the Syriac Orthodox Church* (Vol.VII). Puthencruz: J. S. C. Publications.

**Books Compiled, Edited & Reprinted**

1. *മോർ അന്തോണിയോസിന്റെ ജീവചരിത്രം.* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church.* (2004). Kottayam: Travancore Syriac Orthodox Publishers.- EDITED
3. *നിദ്രപ്രാപിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ക്രമങ്ങളും.* (2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *സുറിയാനിസഭ പെരുന്നാൾ വിശേഷദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാവുന്ന ഗീതങ്ങൾ.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED
5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT
8. *Huthomo of the Holy Qurbono* (2016). Puthencruz: J. S. C. Publications. (worked with the translation and versification team).

9. *The prayer book of the Syrian Orthodox Church (for the season of Sleebo)*. (2017). Puthencruz: J. S. C. Publications. (worked with the translation and versification team).
10. *The order of the sacrament of Baptism & Matrimony* (2018). Puthencruz: J. S. C. Publications. (worked with the translation and versification team)
11. *The prayer book of the Syrian Orthodox Church (for the season of Qyomtho)*. (2018). Puthencruz: J. S. C. Publications. (worked with the translation and versification team)

# ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയ്ക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽനിന്ന് പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി  ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവാ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽനിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാ

പകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസന പള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-VII) *സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും* (Vol. I-XII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവകലാശാലയിൽ അച്ചന്റെ കീഴിൽ വിദ്യാഭ്യാസത്തിൽ ഗവേഷണം നടത്തി രണ്ടു വിദ്യാർത്ഥികൾ Ph.D. ബിരുദം നേടിയിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com